# മലയാളം

## അടിസ്ഥാനപാഠാവലി

**സ്റ്റാൻഡേർഡ് X**

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2025
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയ വിദ്യാർഥികളേ,

സമൂഹത്തെയും സംസ്കാരത്തെയും
നിരന്തരം പരിവർത്തിപ്പിക്കുന്നതിൽ
ഭാഷയ്ക്ക് പ്രധാന പങ്കുണ്ട്.
സാമൂഹികമാറ്റങ്ങൾ ഭാഷയെയും
നവീകരിക്കുന്നു.

മനുഷ്യരെ സംസ്കാരസമ്പന്നരാക്കുന്നതിൽ
സാഹിത്യകൃതികൾക്കും കലകൾക്കും
വലിയ സ്ഥാനമാണുള്ളത്.
മാനസികപരിവർത്തനത്തിനും
മാനവികതയുടെ വികാസത്തിനും
ഭാഷയും സാഹിത്യവും സഹായിക്കുന്നു.
നമ്മുടെ നാട്ടിൽ രൂപപ്പെടുന്ന
അറിവുകളും സാങ്കേതികവിദ്യകളും
മാതൃഭാഷയിലാവുക എന്നത്
വൈജ്ഞാനികസമൂഹനിർമ്മിതിക്ക് ആവശ്യമാണ്.

ഇത്തരം ആശയങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്
ഈ പുസ്തകം നിർമ്മിച്ചിരിക്കുന്നത്.
വിദ്യാഭ്യാസത്തിന്റെ ഒരു ഘട്ടം
പത്താംക്ലാസോടെ പൂർത്തിയാകുകയാണല്ലോ.
അപ്പോഴേക്കും തനതായ ഭാഷാശൈലി
രൂപപ്പെടുത്താൻ കഴിയണം.
സ്വന്തം ഭാഷ കൂടുതൽ മികവുറ്റതാക്കാൻ
സഹായിക്കുന്ന പാഠഭാഗങ്ങളും
പഠനപ്രവർത്തനങ്ങളുമാണ്
ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
സംഘംചേർന്ന് പാടിയും അഭിനയിച്ചും
പഠനപ്രവർത്തനങ്ങളിൽ ഏർപ്പെട്ടും
ഭാഷാപഠനം രസകരമാക്കുമല്ലോ.
എല്ലാ ആശംസകളും.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ. കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി, കേരളം

# പാഠപുസ്തക രചനാസമിതി

## അഡ്വൈസർ

**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസിലർ
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

## ചെയർപേഴ്സൺ

**ഡോ. എം. വിജയൻപിള്ള**
പ്രൊഫസർ (റിട്ട.)
എൻ. എസ്. എസ്. കോളേജ്, നിലമേൽ

## വിദഗ്ധർ

**ഡോ. കുമാർ ജെ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
മഹാരാജാസ് കോളേജ്, എറണാകുളം

**മടവൂർ ശശി**
എച്ച്.എസ്.ടി. (റിട്ട), ഗവ. മോഡൽ
ബോയ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം

## അംഗങ്ങൾ

**ഗായത്രി ജെ.**
ട്രെയിനർ
ബി.ആർ.സി, കായംകുളം

**ഡോ. എൻ. പ്രമോദ്**
എച്ച്.എം. (റിട്ട.), ജി.എച്ച്.എസ്.എസ്.
മെഡിക്കൽ കോളേജ് കാമ്പസ്
കോഴിക്കോട്

**ഡോ. ബിലു സി. നാരായണൻ**
എച്ച്.എസ്.എസ്.ടി.
ജി.എച്ച്.എസ്.എസ്, കട്ടിലപൂവം, തൃശ്ശൂർ

**ഡോ. രേണുക ജ്യോതി കെ. എസ്.**
എച്ച്. എസ്. എസ്. ടി.
എച്ച്. എസ്. എസ്, തിരുവളയന്നൂർ, തൃശ്ശൂർ

**ഡോ. എം. പി. വാസു**
എച്ച്. എം., ജി. എച്ച്. എസ്.
തോൽപ്പെട്ടി, വയനാട്

**ഡോ. സൂര്യനാരായണൻ എം. കെ.**
എച്ച്.എസ്.ടി. (റിട്ട.)
ജി. ജി. ബി. എച്ച്. എസ്, ചാലപ്പുറം,
കോഴിക്കോട്

## ചിത്രരചന

**ആർട്ടിസ്റ്റ് മദനൻ**

**ഡോ. സോമൻ കടലൂർ**
എച്ച്. എസ്. എസ്. ടി,
ജി.എച്ച്.എസ്.എസ്, ആവള, കോഴിക്കോട്

**കെ. റജികുമാർ**
ജി.എച്ച്.എസ്.എസ്, മടപ്പള്ളി

**ദിനേശ് നക്ഷത്ര**
പേരാമ്പ്ര

**പവിത്രൻ കൊയ്യോട്**
ഗവ. യു.പി. സ്കൂൾ, വയക്കര

**മാളവിക എസ്. എ.**
ക്ലാസ് 10, സി.പി.എച്ച്.എസ്.എസ്.
കുറ്റിക്കാട്, കടയ്ക്കൽ

## അക്കാദമിക് കോഡിനേറ്റർ

**അജി ഡി. പി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി., കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം











**1** അരങ്ങും പൊരുളും ........ 7

ചിത്രകാരി ........ 8

ഖൽബിലെ നിലാവ് ........ 15

ഒരു പക്ഷിക്കുഞ്ഞിന്റെ മരണം ........ 18

**2** ഏകോദരസോദരർ നാം ........ 29

വിഷുക്കണി ........ 30

ആനന്ദാശ്രുക്കൾ ........ 33

കെത്തല്ലു ........ 38

**3** അറിവിന്നറിവായ് നിറവായ് ........ 41

ചരിത്രം രചിച്ച നാടകം ........ 42

എന്റെ ഭാഷ ........ 47

വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും ........ 50

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1][പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും;

പദവിയിലും അവസരത്തിലും സമത്വവും; സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).



# 1
# അരങ്ങും പൊരുളും

കല ആനന്ദമാണ്. ആ ആനന്ദം
പ്രകാശംപോലെ സർവവ്യാപിയുമാണ്.

(രബീന്ദ്രനാഥ് ടാഗോർ)

രബീന്ദ്രനാഥ് ടാഗോറിന്റെ ഈ നിരീക്ഷണത്തെക്കുറിച്ചുള്ള
കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.



*കാൻവാസിൽ*
*ഒരു കാട് വളർന്ന്*
*ആകാശത്തുലയുന്നു...*
*നക്ഷത്രപ്പൂക്കൾ ചുറ്റും പൊഴിയുന്നു...*

# ചിത്രകാരി

ഉറക്കമുണർന്ന് അയാളെത്തുമ്പോഴേക്കും ഫിസ, അവളുടെ കാൻവാസിൽ മഞ്ഞനിറങ്ങളുടെ ഒരു വിസ്മയം സൃഷ്ടിച്ചിരുന്നു. പല ദിശകളിലേക്ക് മാറിമാറിച്ചലിച്ചുകൊണ്ടിരുന്ന ബ്രഷിനോടൊപ്പം മഞ്ഞയുടെ പേരിട്ടു വിളിക്കാനാവാത്ത ചിലയനുഭവങ്ങൾ പച്ചകളുമായിടകലർന്നു.

വരയ്ക്കുമ്പോഴൊക്കെ ഹാഫിസ് പുറകിൽനിന്ന് തുറിച്ചുനോക്കുന്നതും അഭിപ്രായങ്ങൾ പറയുന്നതും അവൾക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല.

"....നീയെന്താ വരച്ചുകൂട്ടണേ?"

അവളുടെ അനിഷ്ടങ്ങളറിയാമായിരുന്നിട്ടും അയാൾ ചോദിച്ചിരുന്നു.

"നാലഞ്ചു വരേം കുറിം ..... ദൊക്കെ ആർക്കാ പറ്റാത്തെ....?"

അങ്ങനെയൊക്കെയുള്ള അഭിപ്രായപ്രകടനങ്ങൾക്കൊടുവിൽ അവളുടെ നിശ്ശബ്ദത, എല്ലായ്പ്പോഴുമയാളെ തോല്പിച്ചുകളയും....

അതൊക്കെ പക്ഷേ, വർഷങ്ങൾക്കും മുമ്പാണ്. കല്യാണം കഴിഞ്ഞ് ഇവിടെയെത്തിയ സമയത്തുണ്ടായിരുന്ന ചില ജാടകൾ..

ഹാഫിസ് ഓർത്തു.

എല്ലാവരും കൂടുമ്പോഴും വർത്തമാനം പറഞ്ഞിരിക്കുമ്പോഴുമാവും അവളുടെ പെട്ടെന്നുള്ള എണീറ്റുപോക്ക്.

അല്ലെങ്കിൽ ശ്രദ്ധകാട്ടായ്മ.

എന്നിട്ട് ഒരു നോട്ടുബുക്ക് തുറന്ന് ചിലത് കുറിച്ചിടും...

പിന്നെ, തിരികെ വന്നാൽ വലിയ സന്തോഷമാണ്.

കുറിക്കുന്നതോ പോറിയിടുന്നതോ എന്തെന്ന് അയാളൊരിക്കലും ചോദിക്കാൻ പോയിട്ടില്ല. അവൾ കാണിച്ചിട്ടുമില്ല.

"കൂട്ടത്തിൽക്കൂടാൻ എന്താടാ ഓൾക്കൊരിത്..", ഒരിക്കൽ ഉമ്മ ചോദിച്ചു....
"മറ്റുള്ളോരെക്കൊണ്ട് പറേപ്പിക്കാൻ ആളു കൂടുമ്പോ ഓൾടെ വരേം കുറീം.."

ആയിടെ ഒരിക്കൽ ഉമ്മയതങ്ങ് നേരിട്ട് പറയുകയും ചെയ്തു.

"അടുപ്പത്തെ പണി പഠിക്കാണ്ട് പറ്റൂല ഫിസേ..."

വെള്ളത്തിൽ കുതിർന്ന ബ്രഷ് പതിയെ കുടഞ്ഞ് അവളപ്പോൾ പറഞ്ഞു...
"ഞാൻ പണിയൊക്കെ തീർത്തിട്ടാ ഉമ്മാ..."

"അതുപോര..."

ഉമ്മ അവൾക്കു മുൻപിൽ വന്നുനിന്നു.

"അനക്ക് കലത്തപ്പം ചുടാനറിയ്യോ?"

"ഇല്ല..."

"ചുക്കപ്പം ചുട്ട്വോ യ്യ്?"

"ഇല്ല..."

"ബിരിയാണി വയ്ക്കോ?..."

അവളുടെ നിശ്ശബ്ദതയിൽ നിന്നൂർജമെടുത്ത് ഒരു തോല്പിക്കലിന്റെ ഭാവത്തോടെ ഉമ്മ പറഞ്ഞു.

"അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റ്യങ്ങനെ?.. അന്റെ പെയിന്റടി പോല ല്ലാത്... എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല.... കുടുംബത്തെ ആണുങ്ങക്ക് വായ്ക്ക് രുചിയായി വല്ലതും വച്ചുണ്ടാക്കാ.. കുട്ട്യോൾടേം മക്കൾടേം കാര്യം നോക്കാ, അത്രന്നെ പെണ്ണുങ്ങക്ക് പറഞ്ഞ പണി... അല്ലെങ്കി, നാളെമൊതല് നമ്മക്കെല്ലാർക്കും ബടെയിര്ന്ന് ചിത്രം വരയ്ക്കാ... ആരും ഒന്നും തിന്നും കുടിക്കേം വേണ്ട..."



കൈകൾ ആയത്തിൽ വീശി, അവളുടെ വരകളിലേക്ക് പുച്ഛംപുരണ്ട ഒരു നോട്ടമെറിഞ്ഞ് ഉമ്മ കടന്നുപോകവേ, രണ്ടു കണ്ണുകളുടെ നനഞ്ഞ

നോട്ടം തന്നിലേക്കു പടരുന്നത് തീർത്തുമവഗണിച്ച്, അയാൾ നഖങ്ങൾക്കുള്ളിലെ ചെളിയടർത്തിക്കൊണ്ടിരുന്നു.

പിന്നെ കണ്ടിരുന്നേയില്ല കുറേക്കാലം, പല കോലങ്ങളിലുള്ള അവളുടെ ബ്രഷുകളും ചായങ്ങളും മിണ്ടാതിരുന്നുള്ള വരയും എഴുത്തും... എന്നിട്ടിപ്പോൾ, വരയ്ക്കാതെ വരയ്ക്കാതെ അവളൊക്കെയും മറന്നുപോയിരിക്കുമെന്ന ഹാഫിസിന്റെ കണ്ടെത്തലിനെ തീർത്തും തെറ്റിച്ച്, വീണ്ടുമതേ താളത്തിൽ, കൃത്യതയോടെ ബ്രഷ് ചലിപ്പിച്ച്...

"...പത്തുമണിക്ക് നിക്ക് ഒരിടത്ത് പോവാൻണ്ട്..." ഹാഫിസ്, ഒന്ന് മുരടനക്കി. ഫിസ ഒന്നും പറഞ്ഞില്ല.

അസഹ്യതയോടെ പിന്നെ, അതുമിതും തിരയുകയാണെന്നപോലെ മുറിയിലങ്ങോട്ടുമിങ്ങോട്ടും രണ്ടുചാൽ നടന്ന്, ജനലൊന്നു തുറന്നടച്ച്, അലമാരയിൽ ചിലതു പരതി, അയാൾ അവളുടെ മുഖത്തേക്ക് ഒളികണ്ണിട്ടു.

പിന്നെ, കൈവിരലുകൾ ഒരേ വേഗത്തിൽ ചലിപ്പിച്ച് അവൾ തീർക്കുന്ന പുതിയ ചിത്രത്തിലേക്കും...

പച്ചയുടെയും മഞ്ഞയുടെയും കുറേയേറെ വരകൾ. അയാൾക്ക് ഒന്നും പിടികിട്ടിയതേയില്ല.

ഓരോ തവണ അവൾ ബ്രഷ് ചലിപ്പിക്കുമ്പോഴും തെളിഞ്ഞുവരുന്ന പുതിയ അനുഭവങ്ങൾ... അതല്ലാതെ...

ഫിസ അയാളെ നോക്കിയതേയില്ല.

അവളുടെ വീട് നിറയെ ചിത്രങ്ങളായിരുന്നു. പലതരത്തിലുള്ളവ, വലുപ്പങ്ങളിലുള്ളവ, നിറങ്ങളിലുള്ളവ...

തറവാടുവീടിന്റെ കോലായച്ചുമരിലും ഇരിപ്പുമുറിയിലുംകൂടി കണ്ടിരുന്നു, ചിലതൊക്കെ...

"...ഓള്, നന്നായി വരയ്ക്കും... പിന്നെ കൊറച്ച് എഴുത്തും വായനേം."
അവളുടെ ഉപ്പ പറഞ്ഞു.

"കല്യാണം ഒറപ്പിക്കാമ്പോവാന്നു പറേമ്പഴും അവള് പറയ്യേ, വര നിർത്തൂലാന്ന്..."

"അയ്നിപ്പൊ എന്താ... ഓള് വരച്ചോട്ടെ. ഓളെ കൈയോണ്ടല്ലേ?"

ഹാഫിസിന്റെ ഉപ്പ അലക്ഷ്യം പറഞ്ഞു.

"...നമ്മക്കെന്താ അതിന് പണി... ഓള് വരച്ചാ...?"

"ഫിസാന്നുവച്ചാ എന്താ അർഥം?"

ഇടയ്ക്കു കിട്ടിയ ഒരു നുറുങ്ങുനേരത്ത്, ഹാഫിസ് ചോദിച്ചു.

ഭംഗിയുള്ള ഒരു പെയിന്റിങ് അയാൾക്കു മുൻപിലേക്ക് നീക്കിവച്ച് അവൾ പറഞ്ഞു: “നോക്കൂ...”



മൂടൽമഞ്ഞു പടർന്ന പ്രകൃതി. ഇടയ്ക്ക് മായുന്ന മഞ്ഞിലൂടെ കടന്നുവരുന്ന തെളിവെയിലിൽ നരച്ച പച്ചയുടെ, മഞ്ഞയുടെ, ഇടയ്ക്ക് പൊട്ടിവിടർന്നൊരു ചുവപ്പു പൂവ്.

“...മൂടൽമഞ്ഞ്...”

അവൾ പറഞ്ഞു: “അതാണ് ഫിസാ...”

അയാൾക്കാകപ്പാടെ വിസ്മയം തോന്നി. ഒരിത്തിരി അപകർഷവും. ഇങ്ങനെയൊരു പെൺകുട്ടിയെ അയാളൊരിക്കലും പരിചയപ്പെട്ടിരുന്നില്ല.

വെറുതെ കലപില പറഞ്ഞുപോകുന്ന പെൺകൂട്ടങ്ങൾ, അവരുടെ ഉടുപ്പുകൾ, വളകിലുക്കങ്ങൾ, ഒളിനോട്ടങ്ങൾ... ഫാഷനെയും സിനിമകളെയുംകുറിച്ചുള്ള വർത്തമാനങ്ങൾ... ആൺകുട്ടികളെക്കുറിച്ച്... ഇതിലപ്പുറം...

“മൂടൽമഞ്ഞ്...”


റബ്ബറിന്റെയും സ്വർണ്ണത്തിന്റെയും വിലകയറ്റിറക്കങ്ങൾ, നല്ല ഭക്ഷണം, ചിരിക്കാൻ വകതരുന്ന സിനിമ അതൊക്കെ അയാൾക്ക് താൽപര്യമുള്ള വിഷയങ്ങളാണ്. പക്ഷേ, ചിത്രങ്ങളും കവിതകളും...

“ഞാൻ കണ്ടിട്ടുണ്ട്. നിന്റെ പെണ്ണിനെ, കണ്ണൂരുവച്ച്. ഇന്റർസോണിന്...”

സുഹൃത്ത് പറഞ്ഞു.

“....നന്നായി വരയ്ക്കുമായിരുന്നു. അവൾക്കുതന്നെയായിരുന്നു അന്ന് ഒന്നാംസ്ഥാനം. ആ വർഷം ചിത്രപ്രതിഭയുമായി. ഒരുപാടുപേർ അവളെ അഭിനന്ദിക്കുന്നത് കണ്ടിട്ടുണ്ട്.”

കുസൃതിയോടെ ഹാഫിസിന്റെ മുഖത്തേക്ക് പാളിനോക്കി അവൻ പറഞ്ഞു.



“...അവൾടെ കൈവിരലുകൾ കണ്ടിട്ടുണ്ടോ നീ...?”

ഇവനിതെന്താണ് പറയാൻ പോകുന്നതെന്ന് ആശങ്കപ്പെട്ടും അസഹിഷ്ണുതയോടെയും ഹാഫിസ് പറഞ്ഞു: “ഇല്ല...”

“...ദൈവം തൊട്ട കൈവിരലുകൾ... അഭിപ്രായം എന്റേതല്ല ഹാഫീ... അന്ന്, ഞങ്ങടെയൊക്കെ ചിത്രങ്ങൾ കാണാൻ ആർട്ടിസ്റ്റ് മാധവൻ സാർ വന്നിരുന്നു. അദ്ദേഹത്തിന്റെ മാത്രല്ലാ, അത്യാവശ്യം വാക്കുംണ്ടെന്ന് തോന്നുന്നു കക്ഷീടെ കൈയില്... പക്ഷേ, ഭയങ്കര സൈലന്റ് ആയിരുന്നു എപ്പോഴും. എക്സ്ട്രീമ്‌ലി സൈലന്റ്... എന്നിട്ടോ, ദൈവമേ, ആ കലാകാരിയാണ് ഈ കച്ചോടക്കാരന്റെ മൂക്കുകയറിൽ...”

കുസൃതിയോടെ, ആകുലത ഭാവിച്ച്, അവൻ നെഞ്ചോട് കൈചേർത്തു. ഒക്കെയും തമാശയായിക്കരുതാൻ ശ്രമിച്ചെങ്കിലും ഹാഫിസിന് പെരുവിരൽതൊട്ട് ഒരു ചൂട് അരിച്ചുകയറുന്നതായിത്തോന്നി. അത് മൂർധാവിൽ തൊട്ടുനിൽക്കുംവരെ വല്ലാത്തൊരു പുകച്ചിൽ.

ഫിസയുടെ ബ്രഷിപ്പോൾ ഒരു കാടു തീർക്കുകയാണ്. കാൻവാസിൽ, മഞ്ഞപ്പച്ചകളുടെ മാത്രം കാട്. ഇടയ്ക്ക്, അവ്യക്തമായൊരു വഴി, കാടങ്ങനെ പടർന്നുപടർന്ന്...

“മോനെവിടെ?”

അവനുണരാൻ നേരമായില്ലെന്നറിഞ്ഞുകൊണ്ടുതന്നെ അയാൾ ചോദിച്ചു. ചോദ്യത്തിന്റെ ലക്ഷ്യം ശരിക്കറിഞ്ഞെന്നപോലെ, ഫിസ അത് കേട്ടതായി ഭാവിച്ചില്ല. ബ്രഷിന്റെ ഗതിവേഗങ്ങളിലേക്ക് മാത്രം സാകൂതം നോക്കി തുടർന്നു.

ഹാഫിസ് പൊടുന്നനേ അവളുടെ കൈവിരലുകളിലേക്ക് നോക്കിപ്പോയി. നീണ്ടു നേർത്ത കൈവിരലുകൾ... ദൈവം തൊട്ടവ...

പൊടുന്നനേ ഒരസ്വാസ്ഥ്യം എന്തിനെന്നില്ലാതെ അയാളെ മൂടാൻ തുടങ്ങി.

അസഹ്യതയോടെ വരാന്തയിലേക്കിറങ്ങി, അന്നത്തെ പത്രമെടുത്ത് നിവർത്തുമ്പോഴും അയാളുടെ ചിന്ത അവളുടെ കാൻവാസിനെക്കുറിച്ചായിരുന്നു.

എന്തിനെന്നില്ലാതെ, അയാളെ വല്ലാതെ അലോസരപ്പെടുത്തിയിരുന്ന, അപകർഷപ്പെടുത്തിയിരുന്ന അവളുടെ വര...

ഇടയ്ക്കൊരിക്കൽ അവളുടെ ചിത്രങ്ങൾ കാണാനും എന്തൊക്കെയോ വിവരങ്ങൾ തിരക്കാനുമായി ആരോ ചിലർ വന്നുപോയി.

“...ഒരെക്സിബിഷൻ നല്ലൊരു വഴി തുറന്നുതന്നേക്കും...” അവർ പറഞ്ഞു. ഫിസ, നല്ല ഉത്സാഹത്തിലായിരുന്നു. ഒരു താക്കീതുപോലെ അവനെ നോക്കി

ഉപ്പ കടന്നുപോകവേ, ഹാഫിസ് അവസാനമെന്നോണം അവളോടു പറഞ്ഞു:
"ഒരു പണ്ടാരോം വേണ്ട..."

അവൾ പ്രതികരിച്ചില്ല.

ഇപ്പോഴെന്നപോലെ നിശ്ശബ്ദമായി. അങ്ങനെയങ്ങ് പൊയ്ക്കളഞ്ഞു.

ഈ മിണ്ടാതിരിക്കലാണ് ഏറെ വെറുപ്പിക്കണത്. ഹാഫിസ് മനസ്സിൽ പറഞ്ഞു.

"...ചിത്രം വരയുന്നോരു മിണ്ടാറില്ലേ? മിണ്ട്യാ വര തെറ്റ്വോ?"

അയാൾ അവളോടു ചോദിച്ചു. "ഇതിന് അഹങ്കാരംന്നാ പറയാ... വല്ല്യാളുകളി..."

"ഒരു ചായ വേണം നിസ്ക്ക്..."

"ഒരു ചായ..."

അയാൾ നിയന്ത്രണമറ്റൊരൊച്ചയിൽ വീണ്ടും പറഞ്ഞു.

പിന്നെ അവളുടെ കൈയിലെ ബ്രഷ് ഒരൊറ്റത്തട്ടിന് തെറിപ്പിച്ചുകളഞ്ഞു. കാടിന്റെ പച്ചയിൽ അങ്ങിങ്ങ് ചില നിറങ്ങൾ പടർന്നു. ഒരു ചേർച്ചയുമില്ലാത്തവ.

നിർന്നിമേഷയായി കുറച്ചിട അത് നോക്കിനിന്ന അവൾ പിന്നെ പതിയെ മുറിവിട്ടിറങ്ങി. ഡൈനിംഗ് ടേബിളിനരികിലേക്ക് നീങ്ങി. അവൾക്കു പിറകെ കിതച്ചെത്തിയ അയാൾക്കു മുന്നിലേക്ക് നീക്കിവച്ച് അടച്ചുവച്ച പാത്രങ്ങൾ തുറന്നു.

മേശപ്പുറത്ത്, അയാൾക്കേറെയിഷ്ടമായിരുന്ന പത്തിരിയും തേങ്ങാപ്പാലും നേരത്തേയൊരുക്കി. ചൂടാറാതെയടച്ചു വച്ചിരുന്നു.

ഫ്ലാസ്ക് തുറന്ന് ചായ പകരവേ, തുള്ളികൾ വീണ് അവളുടെ കൈയിലെ മഞ്ഞച്ചായം ഇളകിക്കൊണ്ടിരുന്നു.

അയാൾ അവളുടെ കൈവിരലുകളിലേക്കാണ്ടു നോക്കി. ദൈവം തൊട്ട കൈവിരലിൽ അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ചായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശ്ശബ്ദമായൊരു കരച്ചിലോടെ, അവൾ കൈകഴുകാൻ തുടങ്ങി.

**അനന്തപത്മനാഭന്റെ മരക്കുതിരകൾ**

**(ഷാഹിന ഇ. കെ.)**

കലാവിഷ്കാരങ്ങളിൽ ഏർപ്പെടുമ്പോൾ ലഭിക്കുന്ന ആഹ്ലാദാനുഭൂതികൾ ഫിസ എന്ന കഥാപാത്രത്തിന് അനുഭവിക്കാൻ കഴിയുന്നുണ്ടോ? **ചർച്ചചെയ്യുക.**

“അയാൾ അവളുടെ കൈവിരലുകളിലേക്കാണ്ടു നോക്കി. ദൈവം തൊട്ട കൈവിരലിൽ അപൂർണ്ണമായൊരു ചിത്രത്തിന്റെ മഞ്ഞപ്പച്ചച്ഛായങ്ങൾ അപ്പോഴും പറ്റിനിന്നിരുന്നു. നിശ്ശബ്ദമായൊരു കരച്ചിലോടെ, അവൾ കൈ കഴുകാൻ തുടങ്ങി.” കഥാന്ത്യം നൽകുന്ന സൂചനകൾ എന്തെല്ലാമാണ്? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

“വരയ്ക്കാതെ വരയ്ക്കാതെ അവളൊക്കെയും മറന്നുപോയിരിക്കും.”

വരയ്ക്കാതെ എന്ന പദം ആവർത്തിക്കുന്നതുകൊണ്ട് വാക്യത്തിന് ആശയപരമായി എന്തെങ്കിലും മേന്മ ലഭിക്കുന്നുണ്ടോ? ഇത്തരം കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി **പ്രയോഗഭംഗി വിവരിക്കുക.**

- “വെള്ളത്തിൽ കുതിർന്ന ബ്രഷ് പതിയെ കുടഞ്ഞ് അവളപ്പോൾ പറഞ്ഞു: “ഞാൻ പണിയൊക്കെ തീർത്തിട്ടാ ഉമ്മാ...”
- “കല്യാണം ഒറപ്പിക്കാമ്പോവാന്നു പറേമ്പഴും അവള് പറയ്യേ, വര നിർത്തൂലാന്ന്...”

മുകളിൽ നൽകിയ കഥാസന്ദർഭങ്ങളും കഥയും വിശകലനം ചെയ്ത് ഫിസ എന്ന **കഥാപാത്രത്തെ നിരൂപണം ചെയ്യുക.**

‘ചിത്രകാരി’യിലെ ചിത്രങ്ങൾ കഥയുടെ ഭാവതലത്തെ ആവിഷ്കരിക്കുന്നതിന് എത്രത്തോളം പര്യാപ്തമാണ്? **പരിശോധിക്കുക.**

“അട്പ്പത്തെ പണി ഒരു കടലാ ഫിസേ... അതങ്ങട്ട് തീർന്നൂന്ന് പറയാമ്പറ്റ്വങ്ങനെ?... അന്റെ പെയിന്റടി പോല ല്ലാത്... എന്നല്ല, ദൊന്നും പെണ്ണുങ്ങക്ക് പറ്റ്യേ പണ്യല്ല.”

(ചിത്രകാരി)

“സമ്മേളനത്തിനു കവിത വായിച്ച പെങ്കുട്ട്യെ ഇഷ്ടപ്പെട്ടൂന്ന് പറഞ്ഞതിന് ഇവിടെ വലിയ പുകിലായിരുന്നൂത്രേ... എന്താ ശര്യല്ലേ? എന്തിനാ പാട്ടും കഥേം? അമ്മ പറേണത് പോലെ, പെണ്ണായാൽ ചോറും കറിയും വയ്ക്കണം, പെറണം...”

(ഓർമ്മയുടെ ഞരമ്പ് - കെ. ആർ. മീര)

മുകളിൽ നൽകിയ രചനാസന്ദർഭങ്ങളിൽ തെളിയുന്നതുപോലുള്ള അവസ്ഥകൾ സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നുണ്ടോ? **ചർച്ച സംഘടിപ്പിക്കുക.**



ചായം മറിഞ്ഞ ഉടുപ്പണിഞ്ഞ്
പാട്ടുപാടിപ്പറക്കുന്നൊരു
പൂമ്പാറ്റച്ചിറക്.

# ഖൽബിലെ നിലാവ്

താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...
പഞ്ചവർണ്ണപ്പൈങ്കിളിയില്
പങ്ക് റങ്കുള്ളോളേ... പങ്ക് റങ്കുള്ളോളേ...
താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...

പൂനിലാവ് വന്ന് പൂ വിതറണുണ്ട്... (2)
പൂക്കളിൽ പൂറാണിയായി
പൂത്തുനിൽക്കുന്നോളേ...
പൂത്തുനിൽക്കുന്നോളേ...
(പൂക്കളിൽ...)

താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...

കാത്തിരുന്ന് കാത്തിരുന്ന്
കാൽ തരിച്ചുപോയി കാൽ തരിച്ചുപോയി...
(കാത്തിരുന്ന്...)
കണ്മണിയെ കാണുവാനായ്
കൺ കൊതിച്ചുപോയി...
കൺ കൊതിച്ചുപോയി..
(കണ്മണിയെ...)
കണ്ണുകളാൽ ഖൽബുകളില്
കല്ലെറിയുന്നോളേ... കല്ലെറിയുന്നോളേ...
(കണ്ണുകളാൽ...)

താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...

അന്നൊരുനാൾ അമ്പിളിമാൻ
വമ്പനായി വന്നു... വമ്പനായി വന്നു...
(അന്നൊരു...)
വന്നു നിന്നെ കണ്ടതോടെ
അമ്പരന്നുനിന്ന്... അമ്പരന്നുനിന്ന്...
(വന്നു...)
കണ്ണുകളാൽ ഖൽബുകളില്
കല്ലെറിയുന്നോളേ... കല്ലെറിയുന്നോളേ...
(കണ്ണുകളാൽ...)
താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ... താമസിക്കുന്നോളേ...

(ഗാനരചന : കെ. ടി. മുഹമ്മദ്)



ഗാനത്തിൽ നായകന്റെ കാത്തിരിപ്പ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? **കണ്ടെത്തി എഴുതുക.**

"താമരപ്പൂങ്കാവനത്തില്
താമസിക്കുന്നോളേ..."

ഇതുപോലുള്ള മനോഹരമായ പ്രയോഗങ്ങൾ ഗാനത്തിലുണ്ടല്ലോ. ഇത്തരത്തിൽ പ്രകൃതിയെയും നായികയെയും അവതരിപ്പിക്കുന്ന വർണ്ണനകളുടെ ഭംഗി കണ്ടെത്തി **വിശകലനം ചെയ്യുക.**

മനോഹരമായ ഒരു ഗാനം പരിചയപ്പെട്ടല്ലോ? ഗാനത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് നിങ്ങൾക്കിഷ്ടപ്പെട്ട ഒരാശയത്തെ മുൻനിർത്തി **ഗാനം രചിക്കുക.**

'നാടകങ്ങളിലും സിനിമകളിലും ഗാനം അനിവാര്യമാണോ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി **സംവാദം സംഘടിപ്പിക്കുക.**

മലയാളികൾ നെഞ്ചേറ്റിയ പ്രശസ്തങ്ങളായ നാടക, സിനിമാഗാനങ്ങൾ ശേഖരിച്ച് ക്ലാസിൽ ഗാനസദസ്സ് സംഘടിപ്പിക്കുക. അവതരണത്തിന്റെ ഭാഗമായി ഓരോ ഗാനത്തെയും പരിചയപ്പെടുത്തുന്നതിന് ആവശ്യമായ **ആമുഖഭാഷണം, പോസ്റ്റർ എന്നിവ തയ്യാറാക്കുക.**

സമ്പന്നമായ ഗാനസാഹിത്യപാരമ്പര്യം മലയാളത്തിലുണ്ട്. കൃഷി, പ്രകൃതി, സാമൂഹികജീവിതം, പ്രണയം, സാമൂഹികവിമർശനം എന്നിങ്ങനെ വൈവിധ്യമാർന്ന വിഷയങ്ങളുമായി ബന്ധപ്പെട്ടവയാണ് അവ. നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പാട്ട് വിശകലനം ചെയ്യുന്ന **വീഡിയോ തയ്യാറാക്കുക.**



*വസന്തത്തിൽ കൊഴിച്ചിട്ട സ്വപ്നങ്ങൾ മുളച്ചുപൊന്തുന്ന മണ്ണിലേക്ക് പക്ഷികൾ പറന്നുവരുന്നു.*

# ഒരു പക്ഷിക്കുഞ്ഞിന്റെ മരണം

[വഴിവക്കിലെ അരയാൽച്ചോടാണ് സ്ഥലം. പുറകിൽ, നിബിഡമായിരുന്ന വനം വെട്ടിത്തെളിച്ചതിന്റെ അവശിഷ്ടങ്ങൾ കാണാം. ചുറ്റും വെളുത്തപൂക്കൾ.

വിശാലമായി വളർന്നുപന്തലിച്ചു നിൽക്കുന്ന മരത്തിന്റെ താഴ്ന്ന കൊമ്പുകളിലും ചുവട്ടിലുമായി ഒട്ടനവധി വെളുത്ത പക്ഷികൾ (പക്ഷിവേഷക്കാർ) ശബ്ദമുണ്ടാക്കി രസിച്ചും പാടിയും കഴിയുന്നു. ചിലപ്പോൾ കൊക്കുരുമ്മുന്നു.

പക്ഷിശാസ്ത്രക്കാരൻ പ്രവേശിക്കുന്നു. അന്ധൻ. തേജസ്സാർന്ന മുഖം. തന്റെ ചിറകിനുള്ളിലെ പക്ഷികളിലൊന്നിനെ കാണാതെപോയ ദുഃഖം പലപ്പോഴും പ്രകടിപ്പിച്ചുപോകുന്നു.]



പക്ഷിശാസ്ത്രക്കാരൻ : കൂട്ടംതെറ്റി പറന്നുപോയ കിളി ഇനിയും കൂടണഞ്ഞില്ലല്ലോ!

ഒരുകിളി : പിണങ്ങിപ്പിരിഞ്ഞ്, സ്വയം ചിറകറുത്തെറിഞ്ഞ് ഓടിപ്പോയതല്ലേ? എന്നെങ്കിലും തിരിച്ചുവരാതിരിക്കില്ല.

പക്ഷിശാ..: പ്രായം കൂടുന്തോറും ഞാൻ കൂടുതൽ കാണുന്നു... അന്ധത ഏറിവരുന്തോറും അകത്തു പ്രകാശം!

കിളികൾ : അങ്ങയുടെ പ്രവചനം തെറ്റാറുമില്ലല്ലോ.

പക്ഷിശാ..: അവൻ വരും, എന്നെങ്കിലും, എന്റെ അന്ത്യം കാണാനെങ്കിലും (കിളികളെല്ലാം ഉത്തരമെന്നവണ്ണം ചിലയ്ക്കുന്നു) കതിർക്കുല കൊത്തിനുണയ്ക്കാഞ്ഞ് നിങ്ങളെല്ലാം തളർന്നു, അല്ലേ? ഞാനും തളർന്നു... ഇന്നലെ നമ്മൾ ഒത്തിരിനേരം പറന്നില്ലേ? (ഓർമ്മയിലാഹ്ലാദിച്ച്) എവിടെയെല്ലാം പോയി... ആ തേനരുവീടെ ഉദ്ഭവസ്ഥാനത്ത്, തെളിനീർത്തടാകത്തിലെ കുളി... (കിളികളെല്ലാം തത്തിത്തത്തി അയാൾക്കടുത്തെത്തുന്നു. ആഹ്ലാദപൂർവം ചിറകുവിടർത്തിയാടി ചുറ്റും ഒതുങ്ങിയിരിക്കുന്നു). സാഗരങ്ങളേഴും കടന്നു. എന്നിട്ടും കൂട്ടംതെറ്റിയ കിളിയെ കണ്ടില്ലല്ലോ. നാട്ടാരുടെ ഭാഗ്യം പറഞ്ഞും നാട്ടുവെളിച്ചത്തിൽ തപ്പിത്തടഞ്ഞും നടന്ന്, പറന്ന് തെണ്ടികളുടെ പറുദീസയിലുറങ്ങി... പട്ടിണിക്കാരന്റെ അത്താഴമുണ്ടു... ഒഴിഞ്ഞ പാത്രത്തിലൊരു ചീരയില. നമുക്കത് മൃഷ്ടാന്നഭോജനം..... (കിളികളുടെ താളാത്മകമായ ശബ്ദം മറുപടിയെന്നവണ്ണം കേൾക്കുന്നു.)

ഒരു കിളി : വിളഞ്ഞുകിടക്കുന്ന ഗോതമ്പുവയലുകളിൽ വെടിവയ്ക്കാനാളുണ്ടായിരുന്നു. അതിനു മുകളിൽക്കൂടി പറന്നപ്പോൾ എന്റെ ചിറകിന് വെടിയേറ്റു. എന്നിട്ടും തളരാതെ പറന്നു.

പക്ഷിശാ..: ഉദയകിരണങ്ങളെപ്പോലെ... ഒടുവിൽ കൂടെത്തി... (ദുഃഖത്തോടെ) പക്ഷേ, എവിടെ ചേക്കേറും? വനമെല്ലാം ആരോ വെട്ടിത്തെളിച്ചു... (ചുറ്റും നടന്ന്) ഈ വെളുത്ത പൂക്കൾ മാത്രം!

കിളികൾ : വിശപ്പിന് നമ്മളൊന്നും കരുതിയില്ലല്ലോ.

പക്ഷിശാ..: അതേ, വാരിക്കൂട്ടാൻ മറന്നുപോയവർ. വിതയ്ക്കാൻ മണ്ണില്ലാത്തവർ, എന്നിട്ടും വിശക്കുന്നു! (കിളികളുടെ കരച്ചിൽ). എന്താണ് മാർഗം? എവിടെ താവളം? കാർന്നുതിന്നുന്ന വിശപ്പിൽനിന്ന് മോചനം?

കിളികൾ : അടുത്തെങ്ങാനും വിളഞ്ഞുകിടക്കുന്ന പാടങ്ങൾ...? (എല്ലാവരും ആൽത്തറയിൽ കയറിനിന്ന് കഴുത്തുനീട്ടി നാലുപാടും നോക്കുന്നു.)

പക്ഷിശാ..: അതാ, (അന്ധനായതിനാൽ വായുവിൽ തപ്പി, അകലെ ലക്ഷ്യമാക്കി) ആ കുന്നിൻപുറം,...വിളഞ്ഞുനിൽക്കുന്ന കതിർക്കുലകൾ, പോകിൻ... കൊത്തിനുണയ്ക്കിൻ. അന്തിക്കുമുമ്പേ ചേക്കേറണം.

ഒരു കിളി : അതാരുടേതാ?

പക്ഷിശാ..: ഈ ഭൂമിയാകെ നമ്മുടേത്. വന്യഭൂമിയിൽ ഏതോ താപസൻ നമുക്കായി വിതച്ച വരിനെല്ല് ആയിരംമേനി വിളഞ്ഞുനിൽക്കുന്നു. ചന്തമുള്ള കതിർക്കുലകൾ.

കിളികൾ : അതെ, പഴുത്ത നെൽക്കതിർ തെന്നലിൽ തലയാട്ടി ചൂളംവിളിച്ചു കളിക്കുന്നു.

പക്ഷിശാ..: നിങ്ങൾക്ക് കൊതി തോന്നുന്നില്ലേ? കാട്ടരുവിയുടെ കളഗാനം കേട്ട് പറന്നുയരിൻ. പോയിവരിൻ, കൊണ്ടുവരിൻ, നിങ്ങൾ വിതച്ചത് കൊയ്തുവരിൻ (ആനന്ദനൃത്തം ചെയ്യുന്നു).

കിളികൾ : പാടത്തിനുടമയെങ്ങാനുമറിഞ്ഞാൽ...? എവിടെയെങ്കിലും കെണിവച്ചിട്ടുണ്ടെങ്കിൽ...

പക്ഷിശാ..: ഈ മലയോരത്ത് കെണിവയ്ക്കുന്നതാര്? നോക്കെത്താത്ത നീലിമയാർന്ന വനം... അതിനപ്പുറം നമുക്കായി വിതച്ച നെന്മണി, വിതച്ചതെല്ലാം വിളഞ്ഞിട്ടുണ്ടല്ലോ. (കിളികളെല്ലാം സന്തോഷപൂർവം ശബ്ദമുണ്ടാക്കി പറന്നുയർന്നു വീണ്ടുംവന്ന് പക്ഷിശാസ്ത്രക്കാരനു ചുറ്റുമിരിക്കുന്നു).
മക്കളേ പോകിൻ... എനിക്കൊരു ചാൺകൂടി പറക്കാനാവതില്ല... ഞാനാകെ തളർന്നു. ഈ പൊരിവെയിലിൽ മലയോരത്തെ കാട്ടരുവി വറ്റിയോ എന്നറിഞ്ഞു പോരണം.

കിളികൾ : കാട്ടരുവിയിൽ നനവുണ്ട്. ചെറുകൊക്കൊന്നു നനയ്ക്കാൻ ജലമുണ്ട്.

പക്ഷിശാ..: എങ്കിൽ തളരാതെ പറന്നുയരിൻ... കുഞ്ഞിച്ചിറക് വിടർത്തിപ്പോകിൻ... പെരുവഴിയിരുളാണെങ്കിലും ഒന്നിച്ചു പറക്കുവിൻ... മിന്നിമിനുങ്ങും ഹൃദയത്തിൽ വെളിച്ചം ഒന്നായൊഴുക്കുവിൻ...

കിളികൾ : എന്തൊരു ചൂട്! ചിറകെല്ലാം കരിയുന്നു, മനമുരുകുന്നു.

പക്ഷിശാ..: എങ്കിലും നമുക്കു തണലേകിയ വനം വെട്ടിയതാരായിരിക്കും? നമ്മുടെ താവളത്തിന്റെ വേരുതോണ്ടുന്ന രാക്ഷസന്മാർ.

ഒരുകിളി : അവനെ ഞാൻ കണ്ടിട്ടുണ്ട്.

കിളികൾ : അതെ, കൂരമ്പുമായി, കൂർത്തനോട്ടവുമായി ഇരുളത്തിഴഞ്ഞു നടക്കുന്നവൻ. നമ്മെ പിളർക്കുവാൻ... നമ്മെ വിഴുങ്ങുവാൻ...!

പക്ഷിശാ..: അവന്റെ അത്താഴത്തിന് രുചികൂട്ടുവാൻ... വിരുന്നിന് വിഭവംകൂട്ടി സൽക്കീർത്തി നേടുവാൻ...(കിളികളോട്) നിങ്ങൾ അവന്റെ വഴി ഒഴിഞ്ഞുപോകുവിൻ. എന്റെ പൊന്നുങ്കുടങ്ങളേ, ഈ നനുത്ത അടിവയറിൽ അവന്റെ വിഷമുനയേറ്റാൽ...!

കിളികൾ : ഇല്ല, ഞങ്ങൾ സൂക്ഷിച്ചോളാം.

ഒരു കിളി : ഞങ്ങളുടെ ചിറകടികൊണ്ട് ഈ പൊരിവെയിലിൽ അവനും കുളിർമ്മ നൽകും.

പക്ഷിശാ..: നമ്മൾക്ക് കുളിർമ്മ തന്നവനും വെട്ടിയവനും തണലേകുക... കൊള്ളക്കാർ മരംവെട്ടിക്കേറുന്നതു കണ്ട് നമ്മൾ മരം മാറി കൂടുകൂട്ടി. ഒടുവിൽ ഈ ഒറ്റ മരത്തിലെത്തി... ഇപ്പോൾ അതിന്റെ കമ്പും വെട്ടിത്തുടങ്ങി.

ഒരു കിളി : ഇനി ഒരുനാൾ അന്തിയിൽ നാം ചേക്കേറാനെത്തുമ്പോൾ ഇതും വേരറ്റു വീണിരിക്കും.

കിളികൾ : പിന്നെ നമ്മളെവിടെ കൂടുകെട്ടും?

പക്ഷിശാ..: (ആലോചിച്ച്, പ്രവാചകനെപ്പോലെ) അലറുന്ന കടലിൽ... തിരയ്ക്കു മുകളിൽ.

കിളികളൊരുമിച്ച് : (തുള്ളിച്ചാടി)

ആടും തിരകളിൽ കൂടുകെട്ടി-
ക്കൊക്കിന്നുള്ളിൽ കൊക്കുരുമ്മി
നിന്നെപ്പാടിയുറക്കും ഞാൻ
നിന്നിലലിഞ്ഞു മയങ്ങും ഞാൻ.

ഒരു കിളി : (ആലോചനയിൽ) അപ്പോൾ കടലിളകി കൂടുപൊളിഞ്ഞ് നിന്റെയുറക്കം തീരില്ലേ? നിന്നെ തിരകൾ വിഴുങ്ങില്ലേ...?

പക്ഷിശാ..: (മറുപടിയെന്നവണ്ണം) :
അപ്പോൾ കടലിന്നടിയിൽ മുത്തുച്ചിപ്പിയിൽ
ഒത്തിരിയാണ്ട് കഴിഞ്ഞുണരും ഞാൻ
മുത്തായ്, പവിഴമായ്, ദുഃഖത്തിൻ നിഴലായ്
വെളിച്ചത്തിനുറവയായ് വരുമല്ലോ
ഞങ്ങൾ...വിണ്ണിൻ മക്കൾ!

കിളികൾ : ഹായ്, വിണ്ണിൻ മക്കൾ!

കിളികൾ : എന്നിട്ടും ഞങ്ങൾക്ക് വിശക്കുന്നല്ലോ.

പക്ഷിശാ..: എനിക്കും വിശക്കുന്നു (ഉയർന്നതലത്തിൽ കയറി ദൂരെ നോക്കി) പോയ്‌വരിൻ, കൊയ്തുവരിൻ.. നമ്മൾ വിതച്ചതു കൊയ്തുവരിൻ.

കിളികൾ : നമുക്കു പോയിവരാം.

പക്ഷിശാ..: അന്തിച്ചോപ്പ് കാണുന്നതിനുമുമ്പ് കൂടെത്തണം. പാടത്തിനുടമയെ കണ്ടാൽ...?

ഒരു കിളി : നമുക്ക് വട്ടമിട്ട് അയാൾക്കുചുറ്റും പറന്ന് ആ സ്വർണ്ണക്കിരീടം കൊത്തിയെടുത്ത് പൊങ്ങിപ്പറക്കാം.

കിളികൾ : എല്ലാവരുംകൂടി ഓരോ കൊത്ത്. അയാൾ രക്തംവാർന്ന് വെയിലത്ത് വാടിവീഴും... ആ പാടത്തിനൊത്ത നടുവിൽ.

പക്ഷിശാ..: അയ്യോ! വേണ്ട. എന്റെ പൊന്നുങ്കുടങ്ങളേ, കൊത്തണ്ട... ആ രക്തംകൊണ്ട് കുഴയ്ക്കണ്ട.

കിളികൾ : ഞങ്ങൾ എന്തുചെയ്യണം?

പക്ഷിശാ.. : കതിർമണി കൊത്തിക്കൊണ്ടുവരിൻ...പാടും കിളികൾക്ക് വരിനെല്ല് നൽകി സ്തുതി പാടുവിൻ. എനിക്കും അതിലൊരു കതിരുമായി പറന്നെത്തുവിൻ. (കിളികൾ "ഞാൻ കൊണ്ടുവരാം" എന്നു പറഞ്ഞ് കലപില ശബ്ദമുണ്ടാക്കുന്നു). അതുവരെ ഞാനിവിടിരിക്കും. ഈ ആകാശത്തിൻ കീഴിൽ. ഭൂമി ഇത്തിരി മണ്ണല്ലേ? അതു നമുക്കല്ലേ? (കിളികൾ "അതേ, അതേ" എന്നു പറഞ്ഞ് ചിറകു വിടർത്തി തത്തിത്തത്തിക്കളിക്കുന്നു). വൈകരുത്, വരാൻ വൈകരുത്. ഞാനീ കാട്ടിലൊരിടത്തുണ്ടാവും. ഒറ്റയ്ക്ക് ആ കുന്നിൻ മുകളിൽ നീലാകാശം നോക്കിയിരിക്കും. പ്രാർഥനയിൽ, ധ്യാനത്തിൽ, നമ്മുടെ കൂട്ടംതെറ്റിപ്പോയ കിളിയെ ഓർത്ത്!

കിളികൾ : ഞങ്ങൾ എളുപ്പം വരാം (പറന്നുയർന്നു പോകുന്നതായി ഭാവിക്കുന്നു. അകലേക്ക് ഒഴുകിനടക്കുന്ന ഒരുകൂട്ടം പറവകൾ).

പക്ഷിശാ.. : (പക്ഷികൾ പറന്നുപോകുന്നതു നോക്കിനിന്ന്) ചിറകുവച്ച ചിന്തകൾ, തീപിടിച്ച സ്വപ്നങ്ങൾ! (ഉയർന്ന തലത്തിൽ കയറിനിന്ന്) അവർ പാടത്തിന് ഒത്തു നടുക്കെത്തട്ടെ, പറന്നുതാണ് കൊത്തട്ടെ... ഞാൻ കുന്നിൻമുകളിൽ ഒറ്റയ്ക്കൊരു നിമിഷം ധ്യാനം (പുറകുവശത്തേക്ക് തപ്പിത്തപ്പി നടന്നുമറയുന്നു).

(അല്പനേരം കഴിഞ്ഞ് പാടത്തിനുടമ ഭീകരതാളത്തിൽ പാഞ്ഞെത്തുന്നു. അമ്പും വില്ലുമുണ്ട് കൈയിൽ).

ഉടമ : കതിരരിയുന്ന കിളികളെ പറത്തിവിട്ടവനെവിടെ? (ഉയർന്ന തലത്തിൽക്കയറി പാടത്തേക്കു നോക്കി) ഒരു നിമിഷം എന്റെ കണ്ണു തെറ്റിയപ്പോൾ എല്ലാം തീർന്നു. ഹേയ് പക്ഷിശാസ്ത്രക്കാരാ... ഓഹോ ! അവിടെ ധ്യാനത്തിലാണോ?



(പുറകുവശത്തേക്കോടിപ്പോകുന്നു. നിമിഷങ്ങൾക്കകം പക്ഷിശാസ്ത്രക്കാരനെ ബലാൽക്കാരമായി പിടിച്ചു കൊണ്ടുവരുന്നു).

പക്ഷിശാ..: (ഞെട്ടി) ങേ...നിന്റെ കൈയിൽ കൂരമ്പോ? (ചുറ്റും കാണുന്ന വെള്ളപ്പൂക്കളോട്) എന്റെ കുഞ്ഞോമനകളേ.

ഉടമ : (വില്ലിൽ അമ്പ് തൊടുത്തുകൊണ്ട് അടുത്ത്).
കൂട്ടുപൊളിച്ചെൻ പാടമരിഞ്ഞു തകർക്കാൻ
കൂട്ടായിപ്പാടിപ്പോയത് നിൻപക്ഷി...
നിന്നീണം
നിൻനാദം
നിന്നൂർജം

പക്ഷിശാ..: അതിനു നീയെന്നെ?

ഉടമ : നിന്നെയല്ലാതെ മറ്റാരെ? നിന്റെ പക്ഷികൾ പറന്നുപോയില്ലേ?

പക്ഷിശാ..: (സന്തോഷപൂർവം) അതെ, അവ ആയിരം ചിറകുകളോടെ പാടിപ്പറന്നുയർന്നു. മലകൾക്കുമപ്പുറം വിളഞ്ഞുകിടക്കുന്ന പാടം തേടിപ്പോയി.

ഉടമ : അവയും എന്റെ പാടങ്ങൾ.

പക്ഷിശാ..: അതെ. എല്ലാം കൊത്തിനുണച്ച് കൊക്കുരുമ്മി കൂത്താടിപ്പറന്ന്... ഓരോരുത്തരും എനിക്കൊരു കതിരുമായിട്ടൊഴുകിവരും.

ഉടമ : (അമ്പുതൊടുത്ത് പിന്തുടർന്നുകൊണ്ട്) അന്നു നീ അവരുടെ ഫലം പറയാനില്ലെങ്കിലോ ?

പക്ഷിശാ..: ഈ തൂണിലും തുരുമ്പിലും വെളുത്ത പുഷ്പങ്ങളിലും കിഴക്കുദിച്ച ധ്രുവനക്ഷത്രത്തിലും ഞാനവരുടെ ഫലം കൊത്തിവച്ചിട്ടുണ്ടല്ലോ. പൂക്കളും കിളികളും അത് പാടിപ്പരത്തും. നിന്റെ ചുറ്റും കാണുന്ന ഈ വെളുത്ത പൂക്കൾ മൊട്ടായിരിക്കുമ്പോഴേ എന്റെ മനോരാജ്യമറിഞ്ഞിരിക്കുന്നു.

ഉടമ : ങേ?

പക്ഷിശാ..: അതെ, നിന്റെയും എന്റെയും...എന്റെ മാംസത്തിലാഴ്ന്നിറങ്ങുന്ന കൂരമ്പിന്റെയും...(നിശ്ശബ്ദത) വരൂ, നമുക്ക് ധ്യാനിക്കാം.

ഉടമ : (ചിരിച്ച്) ആരെ?

പക്ഷിശാ..: നിന്നെ... എന്നെ... ഈ പച്ചക്കാടിനെ. ഇവിടത്തെ നദികളെ, മലകളെ, മനുഷ്യരെ (ധ്യാനനിരതനായി വൃക്ഷത്തിന്റെ പുറകിലേക്കു പോകുന്നു. ഉടമ അത് നോക്കി നിൽക്കുന്നു).

ഉടമ : വീണ്ടും ധ്യാനത്തിൽ. ധ്യാനത്തിൽത്തന്നെ ഈ കൂരമ്പേൽക്കട്ടെ. (പക്ഷിശാസ്ത്രക്കാരന്റെ നേർക്ക് അമ്പയയ്ക്കുന്നു. പല അമ്പുകൾ ആവനാഴിയിൽനിന്നെടുത്ത് എയ്തതിനുശേഷം) അങ്ങനെ പിടഞ്ഞുപിടഞ്ഞു മരിക്കട്ടെ, എന്റെ ഗുരുപോലും.

(പക്ഷിശാസ്ത്രക്കാരന്റെ ദയനീയമായ വിലാപം കേൾക്കാം. നിമിഷങ്ങൾ കഴിഞ്ഞ് ഉടമ ചുറ്റുമുള്ള പൂക്കളെ നോക്കി).

ഉടമ : ഇനി ഫലം പറ്റാൻ നിങ്ങൾ, വിളറിവെളുത്ത് കാറ്റിൽ കുനിഞ്ഞ് തലയാട്ടിയൊഴിഞ്ഞു നിൽക്കുന്ന നിങ്ങൾ... എന്റെ തോട്ടത്തിലെ പൂവിന്റെ ചോപ്പിന് പക്ഷിശാസ്ത്രക്കാരന്റെ ചോരപോലും. (വിജയാഹ്ലാദത്തിന്റെ താളത്തിൽ) ഇനി ആ പക്ഷികൾ, അവയുടെ മിനുമിനുത്ത വെളുവെളുത്ത പള്ളയിൽ ഈ കൂരമ്പ്...! പക്ഷേ, അവയെവിടെ? കുന്നുകളും മലകളും കടന്നു പോയിക്കാണും. (പെട്ടെന്ന് ചുറ്റുമുള്ള പൂക്കളിൽ ശ്രദ്ധിച്ച്) ങേ...ഈ വെള്ളപ്പൂക്കൾക്ക് നിറം മാറുന്നോ? (ഒന്നുകൂടി ശ്രദ്ധിച്ച്) ഇവ ചുവക്കുന്നോ? (ക്രമേണ വെള്ളപ്പൂക്കൾ ചുവന്നുതുടങ്ങി) ചുവപ്പ് കൂടുന്നോ? (ഉടമയുടെ പരിഭ്രാന്തിയിൽ വർധിച്ചുവരുന്ന ചുവപ്പ് വ്യക്തമായി കാണാം. അയാൾ അമ്പരന്ന് നാലുപാടും താളാത്മകമായി ഓടി നടുവിലെത്തുന്നു... ഒടുവിൽ രക്ഷപ്പെടാനെന്നവണ്ണം ഓടിമറയുന്നു. അകത്ത് പക്ഷിശാസ്ത്രക്കാരന്റെ ദയനീയമായ വിലാപം നേർത്ത സംഗീതമായി കേൾക്കാം. അല്പം കഴിഞ്ഞ് ചുണ്ടിൽ നെൽക്കതിരുമായി കിളികൾ പറന്നൊഴുകിയെത്തുന്നു).

കിളികൾ : ഫലം പറയും ശാസ്ത്രക്കാരാ
പക്ഷിശാസ്ത്രക്കാരാ
മലയോരത്തന്തിയുറങ്ങും
മലദേവാ വാ വാ നീ...

(ചുറ്റും പറന്നുചെന്ന് നോക്കുന്നു. പക്ഷിശാസ്ത്രക്കാരനെ കാണാത്തതിനാൽ ആകാംക്ഷയും അനുഭവപ്പെടുന്നു... ദുഃഖിതരായി തിരിച്ചുവന്ന് അന്യോന്യം നോക്കിയിരിക്കുന്നു).

ഒരു കിളി : ഗുരു നമ്മെ തിരക്കിയിറങ്ങിയതാണോ?

കിളികൾ : അതുമാവാം.

ഒരുകിളി : നാടും നഗരവും കാടും മേടുമലഞ്ഞ് പറന്ന് രസിച്ച് നമ്മൾ...

കിളികൾ : അപ്പോൾ നമ്മുടെ താതൻ ആരും തുണയില്ലാതൊറ്റയ്ക്ക്...
(കിളികളെല്ലാം ചേർന്ന് വീണ്ടും ചുറ്റും പറന്നുനടന്നു).

എവിടെത്തിരിയും താതാ
ജീവജലത്തിന്നുറവേ
തണലും ചൂടും തന്നവനേ
തളിരാൽ കൂടുമെടഞ്ഞവനേ...

(ചുറ്റും ചുവന്നപൂക്കൾ കണ്ടിട്ട് അമ്പരന്ന്, അതാ വെള്ളപ്പൂക്കളെല്ലാം ചുവന്നിരിക്കുന്നു. എന്തൊരു ചുവപ്പ്. അമ്പരപ്പോടെ അവർ അത് നടന്നു കാണുന്നു.)

ഒരു കിളി : പാടത്തിനുടമ കൂരമ്പുമായോടിനടന്നതു കണ്ടില്ലേ?

കിളികൾ : കണ്ടു. അപ്പോൾ പറന്നുയർന്നു നമ്മൾ പാടിപ്പോയില്ലേ?

ഒരു കിളി : ഇനി അവനിതുവഴി വന്നോ?
തിരുഹൃദയം മുറിവേറ്റോ?

കിളികൾ : (വേദനയോടെ) ഗുരുവേ, ഗുരുവേ...

ഒരു കിളി : താതാ, താതാ... (വിലാപത്തിന്റെ ഈണത്തിൽ കിളികൾ ഇതാവർത്തിക്കുന്നു).

ഒരു കിളി : ഉടമയായതെപ്പോഴെന്നറിയില്ലേ?

കിളികൾ : അറിയാം. അവൻ കൂട്ടംതെറ്റിയപ്പോൾ... തിളങ്ങുന്ന നാണയം കണ്ടപ്പോൾ, സ്വർണ്ണച്ചിറക് സ്വയം അറുത്തെറിഞ്ഞപ്പോൾ.

ഒരു കിളി : ഗുരുമുഖത്തു സൂക്ഷിച്ചുനോക്കി അവൻ തള്ളിപ്പറഞ്ഞു. ചങ്ങലയ്ക്കിടാൻ ഉത്തരവുമായി...

കിളികൾ : ഗുരു ശപിച്ചു...

കിളികൾ : ആ പ്രതികാരം തീർക്കാൻ കൂരമ്പുമായി അവൻ തക്കംപാർത്തു നടക്കുകയായിരുന്നോ? (പിറകിൽ ഒരുയർന്ന തലത്തിൽ ധ്യാനത്തിലിരിക്കുന്ന പക്ഷിശാസ്ത്രക്കാരന്റെ ദയനീയവിലാപം കേൾക്കാം).

പക്ഷിശാ..: എന്തു വേദന, ഈ ജീവിതം... കാരണമില്ലാത്ത ദുഃഖം... എനിക്കും എല്ലാവർക്കും. ഹൊ... ഈ ദുഃഖത്തിനവസാനമില്ല... (കിളികളെല്ലാം അതുകേട്ട് ശ്രദ്ധിക്കുന്നു. പെട്ടെന്ന് അങ്ങോട്ടോടുന്നു. ദൂരെനിന്ന് ധ്യാനത്തിലിരിക്കുന്ന പക്ഷിശാസ്ത്രക്കാരനെക്കണ്ട ഭാവം).

കിളികൾ : അദ്ദേഹം ധ്യാനത്തിൽ.

ഒരു കിളി : അതാ, ആ മാറിൽ തറച്ചിരിക്കുന്നു, കൂരമ്പ്.

കിളികൾ : ശരീരമെല്ലാം കൂരമ്പ് !

ഒരു കിളി : കൂരമ്പിൽനിന്ന് ധ്യാനം... ഏതു ഭാരതയുദ്ധം തീർന്നുകാണാൻ?

കിളികൾ : ഭീഷ്മർ, ഏതു ഭാരതയുദ്ധം തീർന്നുകാണാൻ അങ്ങ് തപമിരിക്കുന്നു? ഇവിടെ ഒറ്റ കക്ഷിയല്ലേയുള്ളൂ. കൗരവർ... മറ്റുള്ളവർ എന്നും വനത്തിൽത്തന്നെയല്ലേ?

ഒരു കിളി : നമുക്കങ്ങോട്ടു പോകാം. ധ്യാനത്തിൽ വിലപിക്കുന്ന ഗുരുവിനെ തൊട്ടുണർത്താം.

കിളികൾ : അതെ. ആ കൂരമ്പുകൾ നമുക്ക് വലിച്ചൂരാം...

(സാവകാശം അകത്തേക്കു പോകുന്നു. അല്പംകഴിഞ്ഞ് ദേഹം മുഴുവൻ കൂരമ്പുതറച്ച പക്ഷിശാസ്ത്രക്കാരനെ എല്ലാവരുംകൂടി താങ്ങിക്കൊണ്ടുവരുന്നു).

പക്ഷിശാ..: എവിടെയോ വേദനിക്കുന്നു. കൂട്ടം തെറ്റിയവനെ കാണാത്ത ദുഃഖം...

കിളികൾ : ആ വേദന ഞങ്ങളും പങ്കിടട്ടെ.

ഒരു കിളി : ഈ കൂരമ്പെയ്ത കാട്ടാളൻ...

കിളികൾ : അവനെ നമുക്ക് കൊത്തിത്തിന്നാം.

പക്ഷിശാ..: വേണ്ട, അവൻ നിങ്ങളിലൊരുവൻ. സ്വയം ചിറകറുത്തെറിഞ്ഞവൻ. പാടത്തിന്നുടമയായവൻ.

കിളികൾ : പാടത്തിന്നുടമ നമ്മുടെ കൂട്ടുകാരനോ?

പക്ഷിശാ..: അതെ. നിങ്ങടെ ചിറകരിയാൻ തക്കംപാർത്തു കഴിയുന്നവൻ.

ഒരു കിളി : അവൻ അങ്ങയെ?

പക്ഷിശാ..: ഈ കൂരമ്പുകളെയ്തു മുറിച്ചു. ഇനി ആർക്കും പുതിയ ചിറകുകൾ നൽകാനാവില്ലല്ലോ.

കിളികൾ : നമുക്ക് ഈ കൂരമ്പുകളൂരാം.
(പക്ഷിശാസ്ത്രക്കാരനെ ഉയർന്ന തലത്തിലിരുത്തി എല്ലാവരും ചുറ്റും നിന്ന് കൂരമ്പുകളൂരുന്നു. അല്പം കഴിഞ്ഞ് തലനിവർന്ന് അമ്പരന്ന് പരസ്പരം നോക്കുന്നു. ഇപ്പോൾ കഴുത്തുമുതൽ കീഴോട്ട് വീതിയുള്ള ചുവന്നവര കാണാം, അവരുടെ വയറ്റിൽ ! )

ഒരു കിളി : (മറ്റുള്ളവയെ നോക്കി) നിന്റെ ചിറകിനുള്ള് ചുവന്നല്ലോ. മിനുമിനുത്ത അടിവയർ ചുവന്നല്ലോ. (ഓരോരുത്തരും മറ്റുള്ളവരെ ഇങ്ങനെ പറയുന്നു. അതു കഴിഞ്ഞു).

കിളികൾ : വെള്ളപ്പൂക്കൾ ചുവന്നേ
വെള്ളിത്തൂവൽ ചുവന്നേ...
വെള്ളപ്രാവ് കരഞ്ഞേ
വിണ്ണിൽ കഴുകനുണർന്നേ

പക്ഷിശാ..: ആ ശരങ്ങൾകൊണ്ട് ഇവിടെ ഒരു ശയ്യയൊരുക്കൂ. ഞാൻ വിശ്രമിക്കട്ടെ.



(കിളികൾ ശരശയ്യയൊരുക്കുന്നു. പക്ഷിശാസ്ത്രക്കാരൻ അതിൽ ശയിക്കുന്നു. കിളികൾ ദയനീയമായി വിലപിക്കുന്നു. നിമിഷങ്ങൾക്കകം ഉടമ ജീവരക്ഷാർഥം ഓടിയെത്തുന്നു. കിളികളുടെ ചിറകിനുള്ളിൽ അഭയം തേടുന്നു).

ഉടമ : കൂട്ടരേ, എന്റെ തോട്ടത്തിലും പൂക്കൾ ചുവന്നു. (ഭയന്ന്) എങ്ങും ചുവന്ന നക്ഷത്രങ്ങൾ തുറിച്ചുനോക്കുന്നു. എനിക്കു പേടിയാകുന്നു.

ഒരു കിളി : (വാത്സല്യപൂർവം) ഇണക്കുരുവീ വരൂ, നമുക്ക് പറക്കാം.

ഉടമ : എനിക്കു ചിറകില്ലല്ലോ. ഞാൻതന്നെ അവ അറുത്തെറിഞ്ഞില്ലേ? ഉടമയാകാൻ, കൂരമ്പേന്താൻ... (വിലപിക്കുന്നു).

കിളികൾ : നിനക്ക് ചിറകുകൾ ഞങ്ങൾ തരാം... സ്വർണ്ണച്ചിറകുകൾ, സ്വപ്നങ്ങൾ... വരൂ.

ഉടമ : (പ്രതീക്ഷയും ആഹ്ലാദവുംമൂലം ചുറ്റും നോക്കി. വീണ്ടും പൂക്കൾ വെളുത്തതുകണ്ട്) ഹാ... ചുവന്ന പൂക്കൾ വെളുക്കുന്നു... എല്ലാം പളുങ്കുപോലെ വെളുത്ത പൂക്കൾ... കൂട്ടരേ, എനിക്കെന്റെ സ്വർണ്ണച്ചിറക് തരൂ... നമുക്കു പറക്കാം...

**ഒരു പക്ഷിക്കുഞ്ഞിന്റെ മരണം**
**(ഡോ. വയലാ വാസുദേവൻപിള്ള)**

'ഒരു പക്ഷിക്കുഞ്ഞിന്റെ മരണം' എന്ന നാടകത്തിൽ അവതരിപ്പിക്കുന്ന പ്രധാന ആശയങ്ങൾ എന്തെല്ലാം ? ചർച്ചചെയ്ത് **സൂചനകളായി എഴുതുക.**

ഈ നാടകത്തിലെ പക്ഷിശാസ്ത്രക്കാരൻ, ഉടമ തുടങ്ങിയ കഥാപാത്രങ്ങളെല്ലാം ചില മനോഭാവങ്ങളെയും ജീവിതാവസ്ഥകളെയും പ്രതിനിധാനം ചെയ്യുന്നു. ഈ കഥാപാത്രങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്ത് ഈ നാടകത്തിന്റെ സമകാലികപ്രസക്തി **വിമർശനാത്മകമായി വിലയിരുത്തുക.**

"ചിറകുവച്ച ചിന്തകൾ, തീപിടിച്ച സ്വപ്നങ്ങൾ."
നാടകത്തിലെ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവയുടെ **അർഥസാധ്യതകൾ വ്യക്തമാക്കുക.**

- കിളികൾ : "എല്ലാവരുംകൂടി ഓരോ കൊത്ത്. അയാൾ രക്തംവാർന്ന് വെയിലത്ത് വാടിവീഴും... ആ പാടത്തിനൊത്ത നടുവിൽ."

  പക്ഷിശാസ്ത്രക്കാരൻ: "അയ്യോ! വേണ്ട. എന്റെ പൊന്നുങ്കുടങ്ങളേ, കൊത്തണ്ട... ആ രക്തംകൊണ്ട് കുഴയ്ക്കണ്ട."

  (ഡോ. വയലാ വാസുദേവൻപിള്ള)

- "ആകുമോ ഭവാന്മാർക്ക് നികത്താൻ
  ലോകസാമൂഹ്യദുർനിയമങ്ങൾ
  സ്നേഹസുന്ദരപാതയിലൂടെ
  വേഗമാവട്ടെ വേഗമാവട്ടെ."

  (വൈലോപ്പിള്ളി)

രണ്ടു രചനാഭാഗങ്ങളിലും തെളിയുന്ന ജീവിതസന്ദേശങ്ങൾ **താരതമ്യം ചെയ്യുക.**

'ഒരു പക്ഷിക്കുഞ്ഞിന്റെ മരണം' എന്ന നാടകം ഉചിതമായ വേഷവിധാനങ്ങളോടെ ക്ലാസിൽ **അവതരിപ്പിക്കുക.**

ഗുരുവിന്റെ മുഖത്ത് സൂക്ഷിച്ചുനോക്കി എന്നതിനു പകരം ഗുരുമുഖത്ത് സൂക്ഷിച്ചുനോക്കി എന്നു ചേർത്തെഴുതിയപ്പോൾ വന്ന മാറ്റമെന്ത്? ഇങ്ങനെ ചേർത്തെഴുതുന്നതുകൊണ്ടുള്ള പ്രയോജനമെന്ത്? ഇതുപോലുള്ള കൂടുതൽ പദങ്ങൾ **കണ്ടെത്തി പട്ടികപ്പെടുത്തുക.**

ഒരു ജനകീയകല എന്ന നിലയിൽ നാടകത്തിന്റെ സവിശേഷതകളെക്കുറിച്ച് കൂടുതൽ ധാരണകൾ നേടുന്നതിന് നിങ്ങളുടെ പ്രദേശത്തുള്ള നാടകപ്രവർത്തകരുമായി **അഭിമുഖം നടത്തുക.**

"സൃഷ്ടിപരമായ കലാവൃത്തി സമുദായജീവിതത്തെ സുന്ദരവും സത്യനിഷ്ഠവുമാക്കാതെ അടങ്ങുകയില്ല. അതായിരിക്കട്ടെ നമ്മുടെ കലാകാരന്മാരുടെയും ലക്ഷ്യം."

(നിത്യചൈതന്യയതി)

"നാടകം വൈവിധ്യവും വൈചിത്ര്യവുമാർന്ന മാനവജീവിതഭാവങ്ങളുടെ കലാപരമായ ഒരു പുനരാവിഷ്കാരമാണ്."

(എൻ. എൻ. പിള്ള)

ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ 'കലയും സാമൂഹികപരിവർത്തനവും' എന്ന വിഷയത്തിൽ **പാനൽ ചർച്ച സംഘടിപ്പിക്കുക.**

2

# ഏകോദരസോദരർ നാം



"സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിൽ അധിഷ്ഠിതമായ സമൂഹമാണ് എന്റെ മാതൃക. ഒരു ഭാഗത്തു നടക്കുന്ന മാറ്റം മറ്റു ഭാഗങ്ങളിലേക്കു വഹിക്കാൻ കഴിയുന്ന ചാനലുകൾ നിറഞ്ഞതും ചലനശക്തിയുള്ളതുമാവണം ഒരു മാതൃകാസമൂഹം."

(ഡോ. ബി. ആർ. അംബേദ്കർ)

**ഡോ. ബി. ആർ. അംബേദ്കർ വിഭാവനം ചെയ്ത സമൂഹം യാഥാർഥ്യമാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇനിയും നാം ഏറ്റെടുക്കേണ്ടത്? ചർച്ചചെയ്യുക.**

*എത്ര വലിയ പൂട്ടിട്ട വാതിലും*
*അക്ഷരംകൊണ്ട് തുറക്കുന്നവർ;*
*അവരവിടെ പുതിയ കാഴ്ചകൾ കാണുന്നു.*

# വിഷുക്കണി

കനിവോടോതീയെന്നെ -
    ത്തൊട്ടുണർത്തിക്കൊണ്ടമ്മ:
"കണി കാണുവാൻ വരൂ
    കൺതുറക്കാതെ, കുട്ടാ."

തായതൻവിരൽത്തുമ്പിൽ
    പിടിച്ചേൻ, പരിചിത -
മായ നൽത്തറയൂടെ
    നടന്നേൻ മന്ദം മന്ദം.

കണ്ണുകളിറുക്കി ഞാ-
    നടച്ചീടിലും, പെട്ടെ -
ന്നെന്തു കഷ്ടമാ,ണറി-
    യാതവ തുറന്നുപോയ്!

കൂരിരുൾ ചുറ്റും വെട്ട -
    മെന്നിയേ ഗ്രാമത്തിലെ -
ക്കൂരകൾ മയങ്ങുന്നൂ
    ജന്നലിന്നങ്ങേപ്പുറം.

കണ്ണടച്ചു ഞാൻ നീങ്ങീ,
    കൺ തുറന്നു ഞാൻ, കണി -
കണ്ടു ഞാൻ, കണ്ണഞ്ചിക്കും
    കമനീയമാം ശില്പം!

വെള്ളിപോൽ വിളങ്ങുന്നൊ -
    രോട്ടുരുളിയും, കണി -
വെള്ളരിക്കയും, തേങ്ങാ -
    മുറികൾ, തിരികളും

കൊന്നയും പൊന്നും ചാർത്തി -
    ച്ചിരിക്കും മഹാലക്ഷ്മി -
തന്നുടെ കണ്ണാടിയും,
    ഞൊറിഞ്ഞ കരമുണ്ടും,

അരി, കുങ്കുമച്ചെപ്പും,
    ഐശ്വര്യമഹാറാണി -
യ്ക്കരങ്ങു ചമയ്ക്കുവാ -
    നമ്മയ്ക്കു വശം പണ്ടേ!

കണികണ്ടു ഞാൻ, പിന്നെ -
    ക്കൈനീട്ടം മേടിച്ചൂ ഞാൻ,
അനുജത്തിമാർ കാൺകെ -
    പ്പൂത്തിരി കത്തിച്ചൂ ഞാൻ.

അടുത്തുമകലത്തും
    നാടിനെയുണർത്തുന്നൂ
പടക്കം പൊട്ടിക്കലു -
    മാർക്കലും തിമിർക്കലും,

എങ്കിലും - കണികാണും -
    മുമ്പു കൺതുറന്നിട്ടോ ? -
തിങ്ങിടുമിരുട്ടിലാ -
    ണെൻ കരളന്നേരത്തും.

എങ്ങാനുമുണ്ടോ വെട്ടം?
    ചുറ്റുമീയുൾനാട്ടിലെൻ -
ചങ്ങാതിമാർതൻ ഗേഹ -
    മിപ്പൊഴുമിരുട്ടിൽത്താൻ.

ഇത്തറവാട്ടിൻകെട്ടിൽ,
ഇക്കണിയുരുളിതൻ -
ചുറ്റി,ലിത്തിരിവട്ടം
ഞങ്ങൾതൻമനസ്സിലും

ക്ലാവെഴും വാൽക്കണ്ണാടി
ചേർത്തുവ,ച്ചൈശ്വര്യത്തിൻ -
ദേവതേ, നിന്നെത്തരം -
താഴ്ത്തുകയല്ലീ ഞങ്ങൾ?

നീയുദാരതയുടെ
പര്യായം, വിയർപ്പു നീ -
രാഴിയിൽ പിറന്നൃദ്ധി
മഴപോൽ വർഷിക്കുമ്പോൾ.

നീ കരിമണ്ണിൻകൊടി,
കണിക്കൊന്നതൻ സ്വർണ്ണ -
നീരരുവിയിൽ സ്നാനം -
ചെയ്തു, തീയെരിവെയ്‌ലിൽ

കായ്കനി തൂങ്ങും കൊമ്പി -
ലൂയലാടിയും, പുന്നെൽ -
പ്പായ്കളിൽ നൃത്യംചെയ്തും
പുകഴും പുരാപുണ്യം.

എങ്ങനെയൊതുങ്ങും നീ
ചെറുവട്ടത്തിൽ, പൂട്ടി
നിങ്കലേ തുറക്കുന്ന
കൺകളെത്തഴുകീടും?

ചിരിക്കും മൂഢസ്വപ്ന -
ത്തിന്റെ പൂത്തിരിയിങ്കൽ?
ദരിദ്രർക്കേകും പിച്ച -
ക്കൈനീട്ടവെള്ളിക്കാശിൽ?

എന്മനം കൊതിക്കയാം,
ചളിയിൽ സരോരുഹ -
പ്പൊൻമലരുകൾപോലീ -
പ്പാഴിരുൾപ്പരപ്പിങ്കൽ

വീടുതോറുമേ കണി -
നിരന്നിട്ടതിൽ വിള -
യാടുമോ നീ,യെല്ലാർക്കു -
മന്നപൂർണ്ണയാം ദേവി?

കണികാണ്മതിൻമുമ്പേ
കൺതുറന്നിട്ടാവാം, ഞാ -
നിനിയാപ്പുലർകാലം -
വരെയുമസംതൃപ്തൻ.

വിട
(വൈലോപ്പിള്ളി ശ്രീധരമേനോൻ)



കവിതയ്ക്ക് അനുയോജ്യമായ **ഈണവും താളവും നൽകി അവതരിപ്പിക്കുക.**

"എങ്ങനെയൊതുങ്ങും നീ ചെറുവട്ടത്തിൽ,'

'ചെറുവട്ടം' എന്ന പ്രയോഗത്തിന്റെ അർഥതലങ്ങൾ എന്തൊക്കെയാണ്? **വിശകലനം ചെയ്യുക.**

"എങ്ങാനുമുണ്ടോ വെട്ടം?
ചുറ്റുമീയുൾനാട്ടിലെൻ
ചങ്ങാതിമാർതൻ ഗേഹ-
മിപ്പൊഴുമിരുട്ടിൽത്താൻ."

(വിഷുക്കണി)

"വീടെന്ന് പറഞ്ഞുകൂടാ, ചാളയാണ്. ഒരു മണ്ണെണ്ണവിളക്കുണ്ട്. ഞാൻ പുസ്തകം വായിക്കാൻ തുടങ്ങുമ്പോൾ വിളക്ക് അമ്മ അടുക്കളയിലേക്ക് കൊണ്ടുപോകും. അപ്പോൾ, എന്നിലേക്ക് ഇരുട്ട് അരിച്ചിറങ്ങാൻ തുടങ്ങും. ലോകം ഒരു ഇരുട്ടായി എന്നെ ചുറ്റിവരിയും. വയറു കാളാൻ തുടങ്ങുമ്പോൾ ജന്മിമാരുടെ വീടുകളിലേക്ക് പോകും. അവിടെ കഞ്ഞി പാത്രത്തിൽ തരില്ല. മുറ്റത്ത് പോലുമല്ല. തൊടിയിൽ മണ്ണുകുഴിച്ച്, ഇലയിട്ട് ഒഴിച്ച് തരും."

എതിര് (എം. കുഞ്ഞാമൻ )

കവിതയിൽ അവതരിപ്പിക്കുന്ന ഇരുട്ടും എം. കുഞ്ഞാമന്റെ അനുഭവവിവരണത്തിലെ ഇരുട്ടും നൽകുന്ന സൂചനകൾ **ചർച്ചചെയ്യുക.**

"വീടുതോറുമേ കണി-
നിരന്നിട്ടതിൽ വിള-
യാടുമോ നീ,യെല്ലാർക്കു-
മന്നപൂർണ്ണയാം ദേവി?"

വരികളിൽ അവതരിപ്പിച്ചിരിക്കുന്ന സാമൂഹികദർശനത്തിന്റെ **സവിശേഷതകൾ വിവരിക്കുക.**

ആഘോഷങ്ങൾ ആനന്ദം പകരേണ്ടവയാണ്. നിങ്ങൾ പങ്കെടുത്ത ഏതെങ്കിലും ആഘോഷദിനത്തിന്റെ അനുഭവങ്ങൾ ഉൾപ്പെടുത്തി **ഡയറിക്കുറിപ്പ് എഴുതുക.**

ആശയം, ചമൽക്കാരഭംഗി, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് 'വിഷുക്കണി' എന്ന കവിതയ്ക്ക് **ആസ്വാദനം തയ്യാറാക്കുക.**

സമത്വസുന്ദരമായ ലോകത്തെക്കുറിച്ചുള്ള മഹത്തായ സങ്കല്പമാണ് 'വിഷുക്കണി'. ഈ ആശയം ഉൾപ്പെടുത്തി 'ആഘോഷങ്ങളും മാനവികതയും' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കുക.**

*അമർത്തിച്ചിമ്മിയ*
*ഉൾക്കണ്ണുകളിൽ വെളിച്ചവും തെളിച്ചവും.*

# ആനന്ദാശ്രുക്കൾ

തന്റെ മാതാപിതാക്കളെപ്പറ്റി ജോസിന് ഒരറിവും ഉണ്ടായിരുന്നില്ല. കർമ്മലിത്ത കന്യാസ്ത്രീകൾ നടത്തുന്ന 'ലിറ്റിൽ ഫ്ലവർ' ഓർഫനേജിലെ വെളുത്തുതടിച്ച സിസ്റ്റർ തെരിസായുടെ പരിചരണത്തിൽ കുട്ടിക്കാലം കഴിച്ചുകൂട്ടിയ അവ്യക്തമായ ഓർമ്മകളുണ്ട്. സദാ പുഞ്ചിരി തൂകുന്ന മുഖവുമായി തങ്ങളിൽ ഓരോരുത്തരെയും തനത് എന്ന വിചാരത്തോടെ ശുശ്രൂഷിച്ചു വളർത്തിയ സിസ്റ്റർ തെരിസാ! തനിക്കഞ്ചുവയസ്സുള്ളപ്പോൾ ആ പ്രായത്തിലുള്ള മറ്റു മൂന്നാലു കുട്ടികളോടൊപ്പം പട്ടണത്തിൽനിന്ന് അകന്നുമാറിയുള്ള ആൺകുട്ടികൾക്കായുള്ള ഈ ഓർഫനേജിലേക്കു മാറ്റുകയാണുണ്ടായത്.

കൂറ്റൻ മതിൽവളപ്പിനുള്ളിൽ അനേകം ഏക്കറുകളിലായി പരന്നുകിടക്കുന്ന ഈ ഓർഫനേജ് ഒരു പ്രത്യേകലോകംതന്നെയാണ്. ഇവിടെ നൂറിലധികം കുട്ടികൾ - പല പ്രായത്തിലും തരത്തിലുമുള്ളവർ - ഒന്നിച്ചു കഴിയുന്നു, ഒരു വലിയ കുടുംബത്തിലെ അംഗങ്ങളെപ്പോലെ! ആർക്കും ആരോടും വ്യക്തിപരമായ ബന്ധങ്ങളില്ല. വ്യക്തിസ്വാതന്ത്ര്യവും വളരെ പരിമിതമാണ്. പക്ഷേ, ആ സത്യം അവരെ അലട്ടിയിരുന്നില്ല. തങ്ങളെ സ്വന്തമെന്ന് അവകാശപ്പെടാൻ ആരുമില്ലെന്നുള്ള വസ്തുത അവരെ വീർപ്പുമുട്ടിച്ചിരുന്നതുമില്ല. ഓർമ്മവച്ചപ്പോൾ തുടങ്ങി മണിമുഴക്കം അനുസരിച്ചു ചിട്ടപ്പെടുത്തിയ ജീവിതരീതി ശീലിച്ചുകഴിഞ്ഞിരുന്നു. മണിമുഴക്കം കേട്ട് ഉണരുന്നു - മണിമുഴക്കം കേട്ട് ആരാധനസ്ഥലായി ഒത്തുകൂടുന്നു- മണിമുഴക്കം കേട്ട് ഊണുമുറിയിൽ എത്തുന്നു- അതു കഴിഞ്ഞ് ചെറിയ കുട്ടികൾ അടുത്തുള്ള പള്ളിവക പള്ളിക്കൂടത്തിലേക്കു പോകുന്നു. മുതിർന്നവർ തൊഴിൽശാലകളിലേക്കും! ദിവസത്തിന്റെ അന്ത്യത്തിൽ അവർ വീണ്ടും ആരാധനസ്ഥലായി ഒത്തുചേരുന്നു. അവസാനമണിമുഴക്കത്തോടെ ഉറക്കത്തിലേക്കു പ്രവേശിക്കുകയുമായി.

നിയന്ത്രണങ്ങൾകൊണ്ടു വരിഞ്ഞുകെട്ടിയ ആ ദിനചര്യയിൽ ആർക്കുംതന്നെ പരാതികൾ ഉണ്ടായിരുന്നില്ല. ഒരുപക്ഷേ, മെച്ചപ്പെട്ട ഒരു ജീവിതരീതിയെപ്പറ്റിയുള്ള അറിവില്ലായ്മ കൊണ്ടാവാം. പിന്നെ പരാതിപ്പെട്ടതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമെന്ന മോഹവും അവർക്കുണ്ടായിരുന്നില്ല.

പക്ഷേ, കുടുംബജീവിതത്തിലെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാൻ ഭാഗ്യം സിദ്ധിച്ച കുട്ടികളുമായി പള്ളിക്കൂടത്തിൽ ഇടപഴകുമ്പോൾ ജോസ് തന്റെ വലിയ വിടവിനെപ്പറ്റി

ബോധവാനാകാറുണ്ടായിരുന്നു. 'ഈ ബാഗ് പപ്പാ ബോംബെയിൽനിന്നും കൊണ്ടുവന്നതാ', 'ഇന്നലെ എന്റെ പിറന്നാളിൽ അമ്മ പായസം വച്ചു', 'ഈ അവധിക്കു ഞങ്ങൾ അച്ഛന്റെ വീട്ടിൽ പോകും', 'ഈയാണ്ടിൽ ജയിച്ചാൽ വല്യപ്പച്ചൻ ഒരു ചെറിയ സൈക്കിൾ വാങ്ങിച്ചുതരും' എന്നൊക്കെ കൂട്ടുകാർ വലുപ്പം പറയുമ്പോൾ അവന്റെ കൊച്ചുഹൃദയം നുറുങ്ങി വേദനിക്കും. തന്നെ സ്വന്തമെന്ന് അവകാശപ്പെടാൻ, തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു വിലകല്പിക്കാൻ ആരുംതന്നെയില്ലല്ലോ. എങ്കിലും അവന് ഏറ്റവും മനഃപീഡ തോന്നിയിരുന്നത് കുട്ടികളുടെ ഇടയിൽ വഴക്കുകൾ ഉണ്ടാകുമ്പോൾ സഹപാഠികൾ അവനെ ആരുമില്ലാത്തവൻ എന്നു വിളിച്ച് അപഹസിക്കുമ്പോഴായിരുന്നു. ഒഴുക്കുവെള്ളത്തിലെ ഒതളങ്ങാപോലെ താൻ ഈ ഭൂമുഖത്ത് എങ്ങനെ വന്നുപെട്ടു എന്ന് ഒരിക്കലും താൻ അറിയാൻപോകുന്നില്ല.

വൈകുന്നേരങ്ങളിൽ മ്ലാനത മൂടിക്കെട്ടിയ മുഖവുമായി കളിക്കാൻ കൂട്ടാക്കാതെ ജോസ് അനാഥാലയത്തിന്റെ നീണ്ട നടശാലയുടെ പടികളിൽ ചടഞ്ഞുകൂടുമ്പോൾ സ്നേഹത്തിന്റെ വെളിച്ചവുമായി അവന്റെ വിഷമതകൾ ആരാഞ്ഞ് ഫാദർ ഫ്രാൻസിസ് അരികിലെത്തും.

"മകനേ! എന്താ നീയിങ്ങനെ ഒറ്റയ്ക്കിരിക്കുന്നത്? ഇങ്ങടുത്തു വരൂ, നിന്റെ മുഖത്ത് എന്താണൊരു വല്ലായ്മ! ഒന്നും ഒളിച്ചുവയ്ക്കാതെ എന്നോടു പറയൂ. കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ."

തന്റെ മനസ്സിൽ തിങ്ങിക്കൂടുന്ന അവ്യക്തമായ വേദനകൾക്കു വാക്കുകൾകൊണ്ടു രൂപം നൽകാനാവാതെ അവൻ കുഴങ്ങുമ്പോൾ അദ്ദേഹം സാന്ത്വനപൂർവം തോളത്ത് തലോടിക്കൊണ്ടു പറയും:

"മകനേ, നിന്റെ വിഷമം ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, നിനക്ക് ആരുമില്ലല്ലോ എന്ന് ഒരിക്കലും നിരാശപ്പെടരുത്. അതാ നോക്കൂ! ക്രൂശിക്കപ്പെട്ട യേശുവിന്റെ രൂപം! അശരണരുടെയും അനാഥരുടെയും ആശ്വാസം അവിടെയാണ്. പണത്തിനും പ്രതാപത്തിനും ബന്ധുക്കൾക്കും നൽകാൻ കഴിയാത്ത ആശ്വാസം നിനക്കവിടെ കണ്ടെത്താൻ കഴിയും."

അദ്ദേഹം പറഞ്ഞതെല്ലാം പൂർണ്ണമായി മനസ്സിലാക്കാൻ അവനു കഴിഞ്ഞിരുന്നില്ല. എങ്കിലും ആ ക്രൂശിതരൂപത്തിന്റെ മുമ്പിൽ അവൻ ശരണം പ്രാപിച്ചു. ചെറുതും വലുതുമായ അവന്റെ ദുഃഖങ്ങൾ നിരത്തിവച്ചു. എന്നും മുട്ടിപ്പായി അവന് ഒരു അപേക്ഷ ഉണർത്തിക്കാനുണ്ടായിരുന്നു:

"അനാഥനും അഗതിയുമായ തനിക്ക് പഠിച്ചുയരാനുള്ള മാർഗം തെളിച്ചുതരണേ!"

കിടക്കപ്പായിൽ മുട്ടുകുത്തി അവൻ ഹൃദയംനൊന്തു പ്രാർഥിച്ചു:

"ഈശോതമ്പുരാനേ എനിക്ക് ക്ലാസു കിട്ടണേ!"

ണിം ണിം ണിം!

പ്രഭാതമണികൾ മുഴങ്ങുകയാണ്. അവൻ ചാടിയെണീറ്റു. തന്റെ അരികിൽ ഉറക്കച്ചടവോടെ കിടന്നിരുന്ന പീറ്റർപോലും എണീറ്റുവരാൻ കാത്തു നിൽക്കാതെ തിടുക്കത്തിൽ

പ്രഭാതകർമ്മങ്ങൾ നിർവഹിച്ചു ചാപ്പലിൽ എത്തി. പ്രഭാതപ്രാർഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഫാദർ ഫ്രാൻസിസ് സുസ്മേരവദനനായി ചാപ്പലിന്റെ നടയിൽത്തന്നെ നിൽപ്പുണ്ട്.

അവൻ ബഹുമാനത്തോടെ കൈകൾ കൂപ്പി ഫാദറിനെ വന്ദിച്ചു: "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!"

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ, മകനേ! നിന്റെ പ്രാർഥന തമ്പുരാൻ കേട്ടിരിക്കുന്നു. ഇതാ നോക്കൂ!"

ളോഹയുടെ കീശയിൽനിന്ന് അദ്ദേഹം പത്രമെടുത്ത് അവന്റെ നേരെ നീട്ടിപ്പിടിച്ചു. തന്റെ നമ്പറിനു മുകളിലുള്ള നക്ഷത്രചിഹ്നത്തിൽ അവന്റെ കണ്ണുകൾ തറച്ചുനിന്നു. മനസ്സിൽ ഉന്മേഷം പതഞ്ഞുപൊങ്ങി. അടുത്ത ക്ഷണം അവൻ കണ്ണുകൾ ഉയർത്തി ഫാദർ ഫ്രാൻസിസിനെ നോക്കി. തന്റെ ഭാവി എന്താണെന്ന് അറിയാനുള്ള ആകാംക്ഷയോടെ! അതേപ്പറ്റി തുറന്നു ചോദിക്കാൻ ധൈര്യം പോരായിരുന്നു.

അദ്ദേഹം പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:

"വരൂ ജോസ്! എന്റെ മുറിയിൽ വരൂ."

വിറയാർന്ന കാൽവയ്പ്പോടെ ജോസ് അദ്ദേഹത്തെ അനുഗമിച്ചു. ഭാവിയെപ്പറ്റിയുള്ള ഉൽക്കണ്ഠയോടെ മനസ്സു പിടയുകയായിരുന്നു. അവൻ അകത്തു കടന്നപ്പോൾ അദ്ദേഹം വാതിൽ ചാരി. എന്നിട്ട് അവനെ അരികിലേക്കു വിളിച്ചു:



"ജോസ് ഇങ്ങടുത്തു വരൂ. നിന്റെ മനസ്സിലെ ആലോചനകൾ എന്തൊക്കെയാണെന്ന് എനിക്കറിയാം. മകനേ! നീ ആശിക്കുന്നതുപോലെ നിന്നെ തുടർന്നു പഠിപ്പിക്കണമെന്നാണ് എന്റേയും ആഗ്രഹം! ഫാദർ ജോസഫും അതിന് അനുകൂലിക്കുമെന്ന് എനിക്കുറപ്പുണ്ട്."

ജോസിന്റെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. അദ്ദേഹം വാത്സല്യപൂർവം അവന്റെ തോളിൽ തട്ടി.

"ജോസ് നന്നായിവരുമെന്ന് എനിക്കു തീർച്ചയുണ്ട്. എന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് ഞാൻ അതിനു ശ്രമിക്കുകയും ചെയ്യും. വീടും കുടുംബവും ഉപേക്ഷിച്ച്

യേശുവിന്റെ വേലയ്ക്കായി ഇറങ്ങിയവനാണ് ഞാൻ! എന്നെ സംബന്ധിച്ചിടത്തോളം എല്ലാവരും ഒരുപോലെ തന്നെയായിരിക്കേണ്ടതാണ്. പക്ഷേ, എന്തോ - നിന്നോടുമാത്രം പ്രത്യേകമായ ഒരടുപ്പം - സ്വന്തം മകനെപ്പോലെ."

വികാരനിർഭരമായ സ്വരം പെട്ടെന്ന് നിയന്ത്രിച്ചിട്ട് അദ്ദേഹം തുടർന്നു:

"ങാ - അതുപോട്ടെ. ഇവിടെ കോളജില്ലാത്തതു കൊണ്ട് ചങ്ങനാശ്ശേരി സെന്റ് പീറ്റേഴ്സ് കോളജിൽ ചേർത്തു പഠിപ്പിക്കാനേ നിവൃത്തിയുള്ളൂ. അപ്പോൾ ഹോസ്റ്റലിൽ താമസിക്കേണ്ടിവരും. ഏതായാലും നീ ഭാവിയെ ഓർത്ത് വിഷമിക്കണ്ട. എല്ലാം നീ ആശിച്ചതുപോലെ ശരിപ്പെടും."

ഫാദർ ഫ്രാൻസിസിനെ ഒന്നുകൂടി വന്ദിച്ചിട്ട് അവൻ മുറിക്കു പുറത്തു കടന്നു.



ആഹ്ലാദംകൊണ്ടവൻ വീർപ്പുമുട്ടുകയായിരുന്നു. ഡൈനിങ് ഹാളിന്റെ പടികളിൽ പീറ്റർ അവനെ കാത്തുനിൽപ്പുണ്ടായിരുന്നു. തനിക്ക് കൈവന്ന ഭാഗ്യം തന്റെ കൊച്ചുസുഹൃത്തിനെ അറിയിക്കാനുള്ള അക്ഷമയോടെ അവൻ വേഗം നടന്നു. പക്ഷേ, ജോസ് എന്തെങ്കിലും പറയുന്നതിനു മുൻപുതന്നെ പീറ്റർ വിളിച്ചു ചോദിച്ചു:

"ജോസേട്ടൻ ഇതുവരെ എവിടെയായിരുന്നു? കാലത്തെ പത്രം വന്നു കാണും. ഫാദറിന്റെ മുറിയിൽ പോയി റിസൾറ്റ് നോക്കണ്ടേ!"

"ഞാൻ ഫാദറിന്റെ അടുക്കൽനിന്നുതന്നെയാണ് പീറ്റർ വരുന്നത്!"

നിന്റെ പ്രാർഥന മാതാവ് കേട്ടിരിക്കുന്നു."

എന്നിട്ട് ഒറ്റശ്വാസത്തിൽ ഫാദർ ഫ്രാൻസിസ് പറഞ്ഞതൊക്കെ പീറ്ററിനെ പറഞ്ഞുകേൾപ്പിച്ചു. അവൻ സന്തോഷംകൊണ്ടു തുള്ളിച്ചാടിപ്പോയി.

"എന്റെ ജോസേട്ടാ! ഇനി എന്തു വേണം?"

രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി - ആനന്ദാശ്രുക്കൾ!

**മുറിപ്പാടുകൾ**
**(സാറാ തോമസ്)**

"കൊച്ചുമനസ്സുകൾ ഒരിക്കലും വേദനിച്ചുകൂടാ"
ഈ വാക്കുകളിലെ കരുതൽ എങ്ങനെയൊക്കെയാണ് നോവൽഭാഗത്ത് യാഥാർഥ്യമാകുന്നത്? **വ്യക്തമാക്കുക.**

"തന്റെ നമ്പറിനു മുകളിലുള്ള നക്ഷത്രചിഹ്നത്തിൽ അവന്റെ കണ്ണുകൾ തറച്ചുനിന്നു. മനസ്സിൽ ഉന്മേഷം പതഞ്ഞുപൊങ്ങി."
പരീക്ഷാഫലം അറിയാൻ കാത്തുനിന്ന ജോസിന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ എന്തൊക്കെയാവാം? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി - ആനന്ദാശ്രുക്കൾ!"
ഫാദർ ഫ്രാൻസിസ്, ജോസ് എന്നിവർ അവരവരുടെ കടമകൾ നിറവേറ്റിയതിന്റെ ഫലമാണല്ലോ ഈ ആനന്ദാശ്രുക്കൾ. പാഠഭാഗത്തെ ആശയങ്ങൾ കൂടി പരിഗണിച്ച് 'വിദ്യാഭ്യാസം ജീവിതപുരോഗതിക്ക്' എന്ന വിഷയത്തിൽ **പ്രസംഗം തയ്യാറാക്കുക.**

'മ്ലാനത മൂടിക്കെട്ടിയ മുഖം', 'സന്തോഷം പതഞ്ഞുപൊങ്ങി' - ഇത്തരം സവിശേഷപ്രയോഗങ്ങൾ കഥാസന്ദർഭത്തിന് എത്രത്തോളം മിഴിവു നൽകുന്നു? സമാനപ്രയോഗങ്ങൾകൂടി കണ്ടെത്തി **വിശകലനം ചെയ്യുക.**

"നല്ലതല്ലൊരുവൻ ചെയ്ത
നല്ലകാര്യം മറപ്പത്
നല്ലതല്ലാത്തതുടനേ
മറന്നീടുന്നതുത്തമം"

സദാചാരം
(ശ്രീനാരായണഗുരു)

ശ്രീനാരായണഗുരു പകർന്നു നൽകിയ ജീവിതപാഠം നോവൽഭാഗത്ത് എങ്ങനെയെല്ലാമാണ് പ്രതിഫലിക്കുന്നത്? **വിശദമാക്കുക.**

പ്രതിസന്ധികളെ അതിജീവിച്ച് ജോസ് നേടിയ ഉന്നതവിജയം ഏവർക്കും പ്രചോദനമേകുന്നതാണല്ലോ. ഈ സംഭവം അടിസ്ഥാനമാക്കി **പത്രവാർത്ത തയ്യാറാക്കുക.**

*കണ്ണുകൾ*
*നിറഞ്ഞൊഴുകിയാലും*
*ചില കാഴ്ചകൾ*
*കൂടുതൽ തിളങ്ങുന്നു.*

# കെത്തളു

ഇന്നലെ ഒരു കാടാനെ പെറ്റ
പെറ്റു ബൂന്ത പുളള്ള കറുത്തെയേയ്.

ചോലക്കാടില നീരുക്കാക്കെ
മുങ്കിന്ന ഗുണ്ടില മീന്നുവ്വ തറെ കെട്ടിന്റോ.

മരഗേരത്തുള്ളേച്ചുക്കീന്റ മരബാവു പൂവു
അഞ്ചെട്ടു പെണ്ണിയങ്കളെ തടാക്കിന്റോ.

മുങ്കി പോന്റ കല്ലുഗേരി മീന്നുക്കു
മൂക്കുബെട്ടു ബേണു.

കന്നാരപ്പുവെലിയ കല്ലു ഉരച്ചി ഉരച്ചി നരെച്ചിന്റ തിലേ
പോവ്ത്ത
പൊന്നുമ്മുക്കടാത്തി പൊന്നുഗുണ്ടു പുവേ
കാടുക്കു ഓട്ടിക്കാന്റ.

ഒറ്റിമലഞ്ച കൈതെപൂവുക്കു
പൊരുഭൊവു ബെട്ടിയാട്ടിന്റ കാറ്റുമ്മു
ബളഞ്ചു നിനച്ചൊണ്ടുറാങ്കിന്ന കാടുമ്മുവെല്ലുക്കു
ബലെ പുല്ലു.

പൂവെ ബെട്ടി നീന്തിന്ന ബാളെമ്മു
കരെ ബെട്ടി ചാടിന്റ കെത്തെളുക്കുമ്മു
എന്ന ചാന്തു.

ആ മലക്കുമ്മു കണ്ണിട്ടുളാരു
കുത്തിബൂന്ത കറുത്ത കല്ലൊക്ക
ബെളുത്ത ചോരെ കക്കിന്റോ.

നാന്നോടിച്ചാടിക്കട്ടാന്ത കല്ലൊക്ക
അങ്ങാടി മലെന്റോ
നാന്നുളേച്ച മരാത്തെക്കു ജാറെല്ലു.

ഏവുമലേ ചാടിച്ചുമ്മു
ഏവു പൂവെ കട്ടാന്തിച്ചുമ്മു
കെത്തളു തിരിച്ചു ദിഗിന്ന.
ഊത്തെക്കാലത്തിലിമ്മുരച്ചെക്കാണി



# ഏട്ടക്കൂരി



ഇന്നലെ ഒരു കാട്ടാന പെറ്റു
പെറ്റുവീണ കുഞ്ഞ് കറുത്തത്.

ചോലക്കാട്ടിലെ നീർക്കാക്ക മുങ്ങിയ കുഴിയിൽ
മീനുകൾ വീട്ടുതിണ്ണ കെട്ടുന്നു.

*മരത്തിന്മേലെ മരവാഴപ്പൂക്കൾ
അഞ്ചെട്ടു പെണ്ണിനെ തേടുന്നു.
മൂങ്ങാങ്കുഴിയിട്ട കല്ലുന്തിമീനിന്
മൂക്കുത്തി വേണം.

കന്നാരംപുഴയിലെ കല്ലുകൾ ഉരസി ഉരസി
**നരസിക്കു നരവീണു.
പൊന്നും ചുമന്ന് പൊൻകുഴിപ്പുഴ
കാട്ടിലേക്കോടിക്കളഞ്ഞു.

ഒളിഞ്ഞുനോക്കിയ കൈതപ്പൂവിനു
വഴിവെട്ടിയാട്ടുന്ന കാറ്റും
ചുറ്റും നിനച്ചുറങ്ങിയ കാട്ടുമുയലിന്
വലവെറും പുല്ലും.

പുഴവെട്ടി നീന്തുന്ന വാളയ്ക്കും
കരവെട്ടിച്ചാടുന്ന ഏട്ടക്കൂരിക്കും
എന്തൊരു ചന്തം!

ആ മലകൾക്കും കണ്ണിട്ടിട്ടുണ്ട്
കുത്തിവീണ കല്ലുകളെല്ലാം
വെളുത്ത ചോരകക്കുന്നു.

ഞാൻ ഓടിച്ചാടിക്കടന്ന കല്ലുകളെല്ലാം
അങ്ങാടി കാണുന്നു.
ഞാൻ ഇരുന്നിരുന്ന മരത്തിലെല്ലാം
വഴുക്കലാണ്.

ഏഴു മലകൾ ചാടിയിട്ടും
ഏഴു പുഴകൾ കടന്നിട്ടും
ഏട്ടക്കൂരി തിരിച്ചിറങ്ങി.
***ഊത്തക്കാലത്തും രക്ഷയില്ല.

ഗോത്രകവിതകൾ
(സുകുമാരൻ ചാലിഗദ്ധ)

---

*കാട്ട് ഓർക്കിഡുകൾ **നരസിപ്പുഴ ***മീനുകളുടെ പ്രജനനകാലം

കവിതയിൽ ആവിഷ്കരിച്ചിരിക്കുന്ന ദൃശ്യങ്ങൾ എന്തെല്ലാം? അവയുടെ **സവിശേഷതകൾ അവതരിപ്പിക്കുക.**

കവിതയിലെ ഗോത്രഭാഷാപദങ്ങൾക്ക് തുല്യമായ പ്രാദേശികപദങ്ങൾ കണ്ടെത്തി **പട്ടികപ്പെടുത്തുക.**

| ഗോത്രഭാഷാപദം | പ്രാദേശികപദം |
|---|---|
| കെത്തളു | ഏട്ടക്കൂരി |
| കാണി | ........................ |
| ഏവു | ........................ |
| ............................... | ......................... |

"കുത്തിവീണ കല്ലുകളെല്ലാം
വെളുത്ത ചോരകക്കുന്നു."
കവിയുടെ വേദനയിൽ സമത്വബോധത്തിന്റെ വിശാലതലങ്ങൾ കണ്ടെത്താനാവുമോ? **ചർച്ചചെയ്യുക.**

"ഏഴു മലകൾ ചാടിയിട്ടും
ഏഴു പുഴകൾ കടന്നിട്ടും
ഏട്ടക്കൂരി തിരിച്ചിറങ്ങി.
ഊത്തക്കാലത്തും രക്ഷയില്ല."

പാർശ്വവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ അതിജീവനത്തിന്റെ പ്രതീകാത്മകമായ ചിത്രീകരണമാണോ കാവ്യഭാഗത്തുള്ളത്? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"കന്നാരംപുഴയിലെ കല്ലുകൾ ഉരസി ഉരസി
നരസിക്കു നരവീണു"
വരികളിലെ കാവ്യഭംഗിക്ക് കാരണമാകുന്ന ഘടകങ്ങൾ എന്തെല്ലാം? **വിവരിക്കുക.**

കേരളത്തിൽ അനവധി ഗോത്രഭാഷകളുള്ളതിൽ ഒന്നിലാണ് നാം പരിചയപ്പെട്ട 'കെത്തളു' എന്ന കവിത രചിച്ചിട്ടുള്ളത്. ഇതുപോലെ മറ്റു ഗോത്രഭാഷകളിൽനിന്ന് ലഭ്യമാകുന്ന രചനകളും വാമൊഴിപ്പാട്ടുകളും ശേഖരിച്ച് പാരമ്പര്യവാദ്യങ്ങളും സംഗീതോപകരണങ്ങളും പ്രയോജനപ്പെടുത്തി **പാട്ടരങ്ങ് സംഘടിപ്പിക്കുക.** ശേഖരിച്ചവ പതിപ്പാക്കുകയും വേണം.

പരിസ്ഥിതി പ്രമേയമായ കവിതകൾ കോർത്തിണക്കി **ഓഡിയോ ആൽബം നിർമ്മിക്കുക.** സ്കൂളിലെ റെക്കോർഡിങ്, ഐ.ടി. സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ക്ലാസിൽ അവതരിപ്പിക്കുക.

# 3

# അറിവിന്നറിവായ് നിറവായ്



"ജ്ഞാനപൂർത്തിയിൽ ജീവിതസത്യം
മാനവൻ കാണുമെന്നുള്ള കാര്യം;
പുസ്തകങ്ങളിൽ സഞ്ചിതമത്രെ
മർത്ത്യവിജ്ഞാന സാരസർവസ്വം!"


**പുസ്തകങ്ങൾ**
**(എൻ. വി. കൃഷ്ണവാരിയർ)**

**അറിവിനെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണങ്ങളോട് നിങ്ങൾ എത്രമാത്രം യോജിക്കുന്നു. അഭിപ്രായങ്ങൾ അവതരിപ്പിക്കുക.**

*അരങ്ങിൽ, തുറന്നുവച്ച ഒരു പുസ്തകം.*
*കത്തിച്ചുതൂക്കിയ വെളിച്ചം. ചരിത്രം തുടിക്കുന്ന താളുകൾ.*

# ചരിത്രം രചിച്ച നാടകം

വി. ടി. ഭട്ടതിരിപ്പാട് കാണികളെ അമ്പരപ്പിക്കുന്ന പ്രാഭവമോ ഗാംഭീര്യമോ അസാധാരണത്വമോ ഉള്ള ഒരു വ്യക്തിയായി കാഴ്ചയിൽ അനുഭവപ്പെടുകയില്ല. എന്നാൽ അദ്ദേഹം ഒരസാധാരണ വ്യക്തിയാണ്. ഏറ്റവും ചെറിയ ഒരണു (ആറ്റം) അതിന്റെ ശക്തി ജ്വലിപ്പിക്കാൻ തുടങ്ങിയാൽ ലോകത്തെ മുഴുവൻ അമ്പരപ്പിക്കും. വി.ടി.യുടെ ചിന്താശക്തിയുടെ ബഹിഃപ്രസരം സമുദായത്തെ ഒന്നു പിടിച്ചിളക്കി അമ്പരപ്പിച്ചു.




'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന ഈ നാടകം അക്കാലത്ത് ഒരാറ്റംബോംബായിരുന്നു. ഒരുവക മാറ്റങ്ങൾക്കും വിധേയരാവാതെ അന്ധതയിൽ ആണ്ടുകിടന്നിരുന്ന നമ്പൂതിരിസമുദായത്തിൽ അതൊരു കോളിളക്കമുണ്ടാക്കി. നമ്പൂതിരിസമുദായത്തിന്റെ അന്നത്തെ നില നല്ലതുപോലെ മനസ്സിലാക്കിട്ടുള്ളവർക്കു മാത്രമേ

എത്ര വമ്പിച്ച ഒരു ശക്തിയോടാണ് ആ കൃശഗാത്രൻ സമരം നടത്തിയതെന്നു മനസ്സിലാക്കാൻ കഴിയൂ.

പഠിക്കുവാനും ചിന്തിക്കുവാനും സൗകര്യവും ആവശ്യവുമില്ലാതെ ഇരുളടഞ്ഞ അറകളിലും മറക്കുടയുടെ പിന്നിലും കാലയാപനം ചെയ്തുപോന്ന അന്തർജനങ്ങൾ സമുദായത്തെ വളരാനനുവദിക്കാത്ത കനത്ത നിർജീവഭാരമായിരുന്നു. പുരുഷന്മാരാണെങ്കിൽ ചുറ്റുപാടും ദിനംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച പരിവർത്തനങ്ങളെ കണ്ടുപഠിക്കുവാൻ സന്ദർഭം ലഭിക്കാത്തവിധം അന്യരിൽനിന്നകന്ന് മതപഠനത്തിനു നിർബദ്ധരായി നട്ടംതിരിയുകയായിരുന്നു. ഭൂവുടമകളും ധനികരുമായ സമുദായാംഗങ്ങൾക്കെന്നപോലെതന്നെ നിർധനർക്കും ജീവിതക്ലേശങ്ങളാണ് സമുദായത്തിൽ പരിവർത്തനമുണ്ടാക്കുന്ന ഒരു പ്രേരകശക്തിയെങ്കിൽ ആ കാരണത്താൽ നമ്പൂതിരിസമുദായത്തിൽ ഒരു വിപ്ലവം ഉണ്ടാകുമായിരുന്നില്ല.

മൂത്ത പുത്രനുമാത്രം സജാതീയവിവാഹം, ബാക്കി അംഗങ്ങൾക്കു നായർകുടുംബങ്ങളിൽ സംബന്ധം. സ്ത്രീകൾക്കാണെങ്കിൽ മനുഷ്യസമുദായത്തിൽനിന്ന്, എന്നുതന്നെ പറയട്ടെ, ബഹിഷ്കൃതരായി സാപത്ന്യംകൊണ്ടുള്ള ക്ലേശങ്ങളെ അമ്പലങ്ങളിലും വീട്ടിന്നകത്തുള്ള മതാനുഷ്ഠാനങ്ങളിലും വിസ്മരിച്ചുകൊണ്ടുള്ള ഒരു ജീവിതം. അത്തരം ഒരു സമുദായത്തെ, സ്വന്തം അധഃപതനത്തിന്നുള്ള കാരണങ്ങളിലേക്കു ഹഠാദാകർഷിച്ച് സമുദായത്തെ പരിവർത്തനം ചെയ്യുക എന്നതാണ് വി.ടി. നിർവഹിച്ച ദുഷ്കരകൃത്യം.


തൽഫലമായി യുവാക്കൾ ആ വേദാധ്യയനത്തെ എതിർത്തു; പരിവേദനം നടപ്പാക്കി; മറക്കുട തല്ലിപ്പൊളിച്ച് സ്ത്രീകൾ പുറത്തു വന്നു. പുരുഷന്മാരോടൊപ്പം സ്ത്രീകളും



ആധുനികവിദ്യാഭ്യാസത്തിന്നു മുതിർന്നു. വിധവാവിവാഹം നടത്തി. അങ്ങനെ മറ്റു സമുദായങ്ങളോടൊപ്പം മുന്നോട്ടു നീങ്ങുവാൻ നമ്പൂതിരിസമുദായം അരയും തലയും മുറുക്കി. ഈ മാറ്റങ്ങൾക്കു നേതൃത്വം കൊടുത്തത് വി.ടി.യാണ്. അദ്ദേഹം ഉപയോഗിച്ച ആയുധങ്ങളിൽ ഏറ്റവും മൂർച്ചകൂടിയത് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് ' എന്ന ഈ നാടകവുമാണ്. നമ്പൂതിരിസമുദായത്തെ ബാധിച്ച വ്യാധിക്ക് ഒരു വിദഗ്ധനായ വൈദ്യനെപ്പോലെയാണ് വി. ടി. ചികിത്സ നടത്തിയത്. ദീർഘനിദ്രയിൽനിന്ന് സമുദായത്തെ ഉണർത്തുവാൻ ഒരു വിദ്യുൽപ്രസരംതന്നെ വേണമെന്ന് അദ്ദേഹം ഉറച്ചു.

*    *    *    *    *    *

നാടകവേദിയിൽവച്ചുള്ള ആ ഓത്തുചൊല്ലൽ സമുദായത്തെ അരിശംകൊള്ളിച്ചു. പ്രബലന്മാരായ ജന്മികൾ സർവശക്തിയുമുപയോഗിച്ച് അഭിനയിക്കുന്നത് തടയാൻ ശ്രമിച്ചു. ശൂദ്രൻ കേട്ടുപോയാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കേണ്ട ആ മന്ത്രോച്ചാരണമാണ് പബ്ലിക് സ്റ്റേജിൽവച്ചു നടത്തുന്നത്. മറക്കുടയില്ലാതെ പുറത്തിറങ്ങിയ അന്തർജനങ്ങളെ



കണ്ടുപോയാലുള്ള തീരാപ്പാപം അകപ്പെടാതെകഴിക്കാൻ നമ്പൂതിരിമാർ ഭസ്മം പൂശി അകത്തടച്ചിരുന്നു രാമനാമം ജപിക്കുകയുണ്ടായി, തളിപ്പറമ്പിൽ യോഗക്ഷേമസഭയുടെ വാർഷികയോഗം ചേർന്നപ്പോൾ എന്നു നമ്പൂതിരിമാർക്കുകൂടി ഇന്നു വിശ്വസിക്കാനാകുമോ?

കോഴിക്കോട് ...... ഇല്ലത്തുവച്ചു കൂടിയ മറ്റൊരു യോഗത്തിൽ അവിടത്തെ അന്തർജനം ആധ്യക്ഷ്യം വഹിച്ചതുകൊണ്ട് ആ നാട്ടുകാരായ ഇല്ലത്തെ പരിചാരകർ അരിശം മൂത്തു നമ്പൂതിരിമാർ ഊണുകഴിച്ച എച്ചിലില എടുക്കാൻ കൂട്ടാക്കിയില്ല. ആ കൃത്യം നമ്പൂതിരി യുവാക്കൾതന്നെ നിർവഹിക്കേണ്ടിവന്നു എന്നു കേട്ടാൽ അന്നത്തെ അന്ധവിശ്വാസങ്ങളുടെ വ്യാപ്തിയും പ്രാബല്യവും എത്രമാത്രമുണ്ടായിരുന്നു എന്നൂഹിച്ചുകൂടേ. പുറമേയുള്ളവർക്ക് അജ്ഞാതമായ ആ സമുദായജീവിതം ഏതാനും ചെറിയ രംഗങ്ങൾ കൊണ്ട് വെളിവാക്കിയ കലാനൈപുണിയെ എത്രതന്നെ അഭിനന്ദിച്ചാലും അധികമാവില്ല.

ഈ നാടകത്തിലെ സമുദായചിത്രീകരണം അതിശയോക്തി കലർന്നതല്ലേ, അതാണോ മുഴുവൻ പരമാർഥം എന്ന ചോദ്യത്തിനവകാശമുണ്ട്, മുഴുവൻ പരമാർഥം അതല്ല. നമ്പൂതിരിസമുദായം അമൂല്യങ്ങളായ പലതും രാജ്യത്തിനു പ്രദാനം ചെയ്തിട്ടുണ്ട്. ഒന്നാന്തരം കവികൾ നമ്പൂതിരിസമുദായത്തിൽ ഉണ്ടായിട്ടുണ്ട്. സുപ്രസിദ്ധ വൈദ്യന്മാർ സമ്പൂതിരിമാരായിരുന്നു. മഹാപണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും അവരുടെയിടയിലുണ്ടായിരുന്നു. എന്നാൽ നമ്പൂതിരിസമുദായത്തിന്റെ ധനസ്ഥിതിയും സമുദായത്തിൽ അവർക്കുണ്ടായിരുന്ന അഗ്രിമസ്ഥാനവും നോക്കുമ്പോൾ എത്രയും വിരളമായിരുന്നു സമുദായത്തിന്റെ നേട്ടമെന്നു സമ്മതിച്ചേ തീരൂ. സമുദായത്തെ ഉദ്ധരിക്കുക തന്റെ ജീവിതലക്ഷ്യമായിക്കരുതിയ വി.ടി., സമുദായത്തിന്റെ കേടുപാടുകളെ പൊക്കിക്കാണിച്ചിട്ടുണ്ടെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ലല്ലോ.

ആ സമുദായനിലയെല്ലാം മാറിക്കഴിഞ്ഞു. നമ്പൂതിരിസമുദായം വളരെയധികം മുന്നോട്ടു പോയി എന്നാണെങ്കിൽ ചരിത്രപരമായി ഈ പുസ്തകത്തിന് ഒരു പ്രാധാന്യമുണ്ട്; സമുദായത്തിലെ എത്രയും പ്രധാനമായ ഒരു പരിവർത്തനദശയെ അതു കുറിക്കുന്നു എന്നോർക്കണം. പാറപോലെ ഉറച്ചുകിടന്ന, ഇഴുകിപ്പിടിച്ച, ആചാരങ്ങളാകുന്ന വൻഭിത്തികൾ കൊണ്ടു രക്ഷിച്ചുപോന്ന യാഥാസ്ഥിതികത്വത്തെ പുറമെനിന്നാക്രമിച്ചു മാറ്റുക സാധ്യമായിരുന്നില്ല. അതിനുള്ളിൽനിന്നുള്ള ഒരു പൊട്ടിത്തെറിയാണ് ആ കോട്ടയെ ഭേദിച്ചത്. അതിനു നേതൃത്വം വഹിച്ചത് വി.ടി.യാണ്. അതിനുപയോഗിച്ച ബോംബാണ് 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്'. ആ പരമാർഥം വളരെപ്പേർ ധരിച്ചിരിക്കില്ല.

കെ. കേളപ്പൻ

(അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിന്റെ അവതാരിക)

"ഏറ്റവും ചെറിയ ഒരണു (ആറ്റം) അതിന്റെ ശക്തി ജ്വലിപ്പിക്കാൻ തുടങ്ങിയാൽ ലോകത്തെ മുഴുവൻ അമ്പരപ്പിക്കും."

പ്രസ്താവനയെ സാധൂകരിക്കുന്ന എന്തെല്ലാം സംഭവങ്ങളാണ് പാഠഭാഗത്ത് വിവരിച്ചിട്ടുള്ളത്? **കണ്ടെത്തി എഴുതുക.**

- "പഠിക്കുവാനും ചിന്തിക്കുവാനും അവകാശവും സൗകര്യവുമില്ലാതിരുന്ന നമ്പൂതിരിസ്ത്രീകളെ വിദ്യാഭ്യാസത്തിന്റെ വെളിച്ചത്തിലേക്കു നയിച്ചത് നവോത്ഥാനപ്രവർത്തകരാണ്."
- "പുരുഷന്മാരോടൊപ്പം സ്ത്രീകളും ആധുനികവിദ്യാഭ്യാസത്തിനു മുതിർന്നു."

മുകളിൽ നൽകിയ സൂചനകളും കേരളത്തിൽ നടന്ന നവോത്ഥാനപ്രവർത്തനങ്ങളും വിലയിരുത്തി 'ആധുനികവിദ്യാഭ്യാസവും സാമൂഹികപരിവർത്തനവും' എന്ന വിഷയത്തിൽ **സെമിനാർ സംഘടിപ്പിക്കുക.**

"നമ്പൂതിരിസമുദായത്തെ ബാധിച്ച വ്യാധിക്ക് ഒരു വിദഗ്ധനായ വൈദ്യനെപ്പോലെയാണ് വി.ടി. ചികിത്സ നടത്തിയത്. ദീർഘനിദ്രയിൽനിന്ന് സമുദായത്തെ ഉണർത്തുവാൻ ഒരു വിദ്യുൽപ്രസരംതന്നെ വേണമെന്ന് അദ്ദേഹം ഉറച്ചു."

കെ. കേളപ്പൻ

"വി.ടി. കാലത്തിന്റെ സന്ദേശം മനസ്സിലാക്കിയിരുന്നു. വി. ടി. ചുമരെഴുത്തുകൾ വായിച്ചിരുന്നു. വി.ടി. ശ്രീനാരായണഗുരുവിന്റെ സന്ദേശം ഉൾക്കൊണ്ടിരുന്നു. അയ്യപ്പന്റെ ആഹ്വാനം കേട്ടിരുന്നു. ഇന്ത്യയിൽ ആസകലം നടന്ന സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിരുന്നു."

വി.ടി. മരിച്ചു; വി.ടി. ജീവിക്കുന്നു (പവനൻ)

നിരീക്ഷണങ്ങൾ ശ്രദ്ധിച്ചല്ലോ. സമത്വസുന്ദരമായ സമൂഹത്തിന്റെ സൃഷ്ടിക്കായി നടന്ന ഇത്തരം പ്രവർത്തനങ്ങൾ നാം തുടരേണ്ടതല്ലേ? അവസരസമത്വവും സാമൂഹികനീതിയും ഉറപ്പുവരുത്താൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? **ചർച്ചചെയ്യുക.**

കേരളത്തിലെ പ്രസിദ്ധരായ നവോത്ഥാനനായകരുടെ ചിത്രങ്ങൾ, പ്രഭാഷണങ്ങൾ, പ്രധാന സന്ദേശങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തി **ഡിജിറ്റൽ ആൽബം തയ്യാറാക്കുക.**

ഇന്നത്തെ കേരളത്തെ നിർമ്മിച്ചതിൽ കലയ്ക്കും സാഹിത്യത്തിനും പ്രധാന പങ്കുണ്ടല്ലോ? സാമൂഹികപരിവർത്തനത്തിന് പ്രേരകമായ കൃതികൾ കണ്ടെത്തി കൃതി – രചയിതാവ് – കാലം – പ്രധാന നിരീക്ഷണങ്ങൾ എന്ന ക്രമത്തിൽ **പട്ടിക തയ്യാറാക്കുക.**



*നമ്മൾ ഉയിരേകിയ വാക്കുകൾ*
*തോളോടുതോൾചേർന്ന്*
*നമ്മുടെ നാടിനെ നിർമ്മിക്കുന്നു.*

# എന്റെ ഭാഷ

മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം-
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ.
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ;
അമ്മതാൻതന്നേ പകർന്നുതരുമ്പൊഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ!

ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം.
ഹൃദ്യം സ്വഭാഷതൻ ശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചുനിൽക്കുന്ന തൂമുത്തുകൾ.



ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും
പാടി സ്വകീയരെക്കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?

*        *        *        *        *        *

ബുദ്ധിമാന്മാരേ, സ്വഭാഷത്തറവാട്ടിൽ-
സ്വത്തു വളർത്തുവാൻ യത്നം ചെയ്‌വിൻ-
ആലസ്യത്തിന്നു നിവാപാംബു നൽകുവിൻ
ഫാലത്തിലോലും വിയർപ്പിനാലേ!

ഏറെ വാക്കെന്തിനു? നാളെ മുതൽക്കിനി-
ക്കൈരളി തന്റെ ഗൃഹാങ്കണത്തിൽ
പാണ്ഡിത്യഭിക്ഷയ്ക്കായ് വന്നവർ വന്നവർ
ഭാണ്ഡം നിറച്ചേ തിരിച്ചുകൂടൂ:
കേടറ്റൊരൗദാര്യശീലത്തിലെന്നെന്നേ
കേളികേട്ടുള്ളവർ കേരളീയർ!

സാഹിത്യമഞ്ജരി (ഏഴാം ഭാഗം)
(വള്ളത്തോൾ നാരായണമേനോൻ)



മാതൃഭാഷയെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണങ്ങൾ **കണ്ടെത്തി അവതരിപ്പിക്കുക.**

കവിതയ്ക്ക് ഉചിതമായ ഈണവും താളവും നൽകി **ഭാവാത്മകമായി അവതരിപ്പിക്കുക.**

- "ബുദ്ധിമാന്മാരേ, സ്വഭാഷത്തറവാട്ടിൽ-
  സ്വത്തു വളർത്തുവാൻ യത്നം ചെയ്‌വിൻ-"

- "ഏറെ വാക്കെന്തിനു? നാളെ മുതൽക്കിനി -
  ക്കൈരളി തന്റെ ഗൃഹാങ്കണത്തിൽ
  പാണ്ഡിത്യഭിക്ഷയ്ക്കായ് വന്നവർ വന്നവർ
  ഭാണ്ഡം നിറച്ചേ തിരിച്ചുകൂടൂ"

മാതൃഭാഷയുടെ സ്വത്ത് വർധിപ്പിച്ച് വിജ്ഞാനഭാഷയായി വളർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളത്? ഇനിയും എന്തെല്ലാമാണ് ഏറ്റെടുക്കാനുള്ളത്?
ചർച്ചചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

- "ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
  മേതൊരു കാവ്യവുമേതൊരാൾക്കും
  ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
  വക്ത്രത്തിൽനിന്നുതാൻ കേൾക്കവേണം"

  (വള്ളത്തോൾ)

- "വിദേശ ഭാഷയിലൂടെയുള്ള വിദ്യാഭ്യാസം ശ്രമകരവും പഠിതാക്കളെ സംബന്ധിച്ചിടത്തോളം കഠിനവുമാണ്. നമ്മുടെ കുട്ടികൾ അതിന് കനത്ത വില നൽകേണ്ടിവരും."

  (മഹാത്മാഗാന്ധി )

വള്ളത്തോളിന്റെ വരികളും ഗാന്ധിജിയുടെ അഭിപ്രായവും പഠനമാധ്യമത്തെ സംബന്ധിച്ചുള്ള സമൂഹത്തിന്റെ സമകാലികസമീപനവും വിശകലനം ചെയ്ത് 'പഠനമാധ്യമം മാതൃഭാഷയാകണം' എന്ന വിഷയത്തിൽ **മുഖപ്രസംഗം തയ്യാറാക്കുക.**

മാതൃഭാഷ പ്രമേയമായി വരുന്ന കവിതകൾ ശേഖരിച്ച് **കവിതയരങ്ങ് സംഘടിപ്പിക്കുക.**





*അറിവാകാശത്തിലെ അക്ഷരങ്ങൾ*
*മണ്ണിൽ നിറവായി വിളയുന്നു.*

# വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും

ശാസ്ത്രബോധവും യുക്തിചിന്തയും മുറുകെപ്പിടിച്ച് ആധുനിക ജീവിതത്തിലേക്ക് മുന്നേറിയ നാടാണ് കേരളം. ഇവയോടൊപ്പം, മതനിരപേക്ഷതയുടെയും സാമൂഹികനീതിയുടെയും ജനാധിപത്യത്തിന്റെയും മൂല്യങ്ങളും കേരളീയനവോത്ഥാനം ഉയർത്തിപ്പിടിച്ചിരുന്നു. എന്നാൽ ഇന്ന് യുക്തിരാഹിത്യവും അശാസ്ത്രീയതകളും സമൂഹജീവിതത്തിൽ ആഴത്തിൽ വേരുകളിറക്കിയിരിക്കുന്നു. മതനിരപേക്ഷതയും സാമൂഹികനീതിയും ജനാധിപത്യവും വെല്ലുവിളികൾ നേരിടുകയാണ്.

പുതിയകാല വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനും അതിജീവിക്കുന്നതിനും സമൂഹത്തെ സജ്ജമാക്കേണ്ടതുണ്ട്. ശാസ്ത്രവിജ്ഞാനവും ശാസ്ത്രാവബോധവും വളർത്തുകയും ശാസ്ത്രം മനുഷ്യരാശിക്കു നൽകിയിട്ടുള്ള സംഭാവനകൾ വിശദീകരിച്ചുകൊണ്ട് മനുഷ്യരെ ശുഭാപ്തിവിശ്വാസികളാക്കി മാറ്റുകയും ചെയ്യുക എന്നത് ഒരു പ്രധാന കർമ്മപദ്ധതിയായി ഏറ്റെടുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായുള്ള വിജ്ഞാനോൽപാദനവും പ്രസാരണവും നവസമൂഹസൃഷ്ടിക്കാവശ്യമായ അടിസ്ഥാനപ്രവർത്തനങ്ങളിൽ പ്രധാനമായ ഒന്നാണ്.





ഈ സമൂഹത്തെ ഒരു വിജ്ഞാനസമൂഹമായി പരിവർത്തിപ്പിക്കുക എന്നത് അടിയന്തര കർത്തവ്യമാണ്. വിവരസാങ്കേതികവിദ്യയുടെ മുന്നേറ്റം വിജ്ഞാനത്തെ സാർവജനീനമാക്കാനും ജനാധിപത്യവൽക്കരിക്കാനും സഹായകമായിട്ടുണ്ടെന്ന് പരക്കെ അംഗീകരിക്കപ്പെടുമ്പോഴും ഡിജിറ്റൽ അസമത്വം പെരുകുകയാണെന്ന വസ്തുതയും കാണേണ്ടതുണ്ട്. സാമ്പത്തികശേഷിയുള്ള രാജ്യങ്ങൾ തന്നെയാണ് വിജ്ഞാനസമ്പത്തും കൈയടക്കിവച്ചിരിക്കുന്നത്. ഈ വിജ്ഞാനശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് അവർ കൂടുതൽ സാമ്പത്തികശേഷി കൈവരിക്കുന്നു. സാമ്പത്തികശേഷിയിലും വിജ്ഞാനസമ്പത്തിലും പിന്നിൽ നിൽക്കുന്നവർ കൂടുതൽ കൂടുതൽ പിന്തള്ളപ്പെടുകയാണ്. ഉയർന്ന സാക്ഷരത, ഉന്നത വിദ്യാഭ്യാസസൗകര്യങ്ങൾ, വിദ്യാഭ്യാസത്തോടുള്ള താൽപര്യം, ശക്തമായ സാമൂഹികസുരക്ഷാശൃംഖല എന്നിങ്ങനെ വിജ്ഞാനസമൂഹമായി മാറുന്നതിനാവശ്യമായ എല്ലാ ഭൗതികസാഹചര്യങ്ങളും കേരളത്തിലുണ്ട്. കൃത്യമായ കാഴ്ചപ്പാടും ഇച്ഛാശക്തിയും അധികാരികൾക്കുണ്ടാവുക എന്നതാണ് നിർണ്ണായക സംഗതി. അതുകൂടി ഉണ്ടായാൽ, വികസനരംഗത്ത് രൂപപ്പെട്ട കേരളമാതൃകപോലെ, ഇന്ത്യയുടെ ഇതരഭാഗങ്ങൾക്കു മാത്രമല്ല, ലോകരാഷ്ട്രങ്ങൾക്കും മാതൃകയാക്കാവുന്ന ഒരു വിജ്ഞാനസമൂഹമായി കേരളം മാറും.

എപ്പോഴാണ്, അല്ലെങ്കിൽ എങ്ങനെയാണ്, ഒരു ഭാഷ വിജ്ഞാനഭാഷയായി മാറുന്നത്? നവീന വിജ്ഞാനധാരകളെ ഒരു ഭാഷയ്ക്ക് ഉൾക്കൊള്ളാൻ കഴിയുമ്പോഴാണ് അത് വിജ്ഞാനഭാഷയായി മാറുന്നത്. എത്രമാത്രം വിജ്ഞാനമേഖലകളെ ഭാഷയിൽ കൈകാര്യം ചെയ്യാൻ കഴിയുന്നുവോ, അത്രമാത്രം ആ ഭാഷ വളരുന്നു എന്നു പറയാം. വിജ്ഞാനമേഖല നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. ഓരോ വിഷയമേഖലയിലും പുതിയ അറിവുകൾ കടന്നുവരുന്നു എന്നു മാത്രമല്ല, പുതിയ പുതിയ വിജ്ഞാനശാഖകളും നിരന്തരമായി രൂപപ്പെടുന്നുണ്ട്. അവ കൈകാര്യം ചെയ്യാൻ നാം ദൈനംദിനവ്യവഹാരത്തിന് ഉപയോഗിച്ചുപോരുന്ന ഭാഷ മാത്രം പോരാ. വിനിമയം ചെയ്യുന്ന വിഷയമേഖലയുടെ







പ്രത്യേകതകൾക്കനുസരിച്ചും അവയുടെ സങ്കീർണ്ണതയ്ക്കനുസരിച്ചും വിജ്ഞാനഭാഷയുടെ ശൈലിയിലും മാറ്റങ്ങൾ വന്നുചേരും. ആധുനിക വിജ്ഞാനപ്രസാരണത്തിന് അനിവാര്യമായ പുത്തൻ പദാവലികളുടെ ആവിഷ്കാരം, അതിനനുസൃതമായ ഭാഷാപ്രയോഗങ്ങളുടെ പരീക്ഷണം, ശാസ്ത്ര - സാങ്കേതിക ശബ്ദാവലികളുടെ നിർമ്മാണം, ഉയർന്ന നിലവാരത്തിലുള്ള ശാസ്ത്ര - സാങ്കേതിക പുസ്തകങ്ങളുടെ വിവർത്തനം, വ്യത്യസ്ത ശാസ്ത്ര - സാങ്കേതിക മാനവികവിഷയങ്ങളെ അധികരിച്ച് മൂലഗ്രന്ഥങ്ങൾ തയ്യാറാക്കൽ എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളിലൂടെയേ ഒരു ഭാഷയെ വിജ്ഞാനഭാഷയാക്കി മാറ്റാൻ കഴിയൂ. പുതിയ വിജ്ഞാനങ്ങൾ മലയാളത്തിൽ ഉൽപാദിപ്പിക്കപ്പെടുമ്പോൾ മറ്റു ഭാഷകൾ നമ്മെ തേടിവരും. മലയാളത്തിൽ ഉൽപാദിപ്പിച്ച വിജ്ഞാനങ്ങളെ മുൻനിർത്തി മറ്റു ഭാഷകൾ വിവർത്തനത്തിന് തുനിയുമ്പോഴാണ് നമ്മുടെ ഭാഷ ഉന്നതമായ നിലവാരത്തിലേക്കെത്തുന്നത്.

വൈജ്ഞാനികസമൂഹം എന്ന സങ്കല്പത്തെ നമുക്കൊന്ന് പരിചയപ്പെടാം. മാനവസമൂഹത്തെ അതതുകാലത്തെ സവിശേഷതകൾക്കനുസരിച്ച് പ്രത്യേക പേരുകൾ നൽകി വിശേഷിപ്പിച്ചുപോരാറുണ്ട്. കാർഷികസമൂഹം, വ്യാവസായികസമൂഹം, മുതലാളിത്തസമൂഹം തുടങ്ങിയ വിശേഷണങ്ങൾ അങ്ങനെയാണ് രൂപംകൊള്ളുന്നത്. ഈയൊരു രീതിയുടെ തുടർച്ചയായാണ് ഇന്നത്തെ മാനവസമൂഹത്തെ വൈജ്ഞാനികസമൂഹം എന്നു വിശേഷിപ്പിക്കുന്നത്. ഉൽപാദനവ്യവസ്ഥയിൽ മുമ്പെങ്ങുമില്ലാത്തവിധം അറിവിന് കൈവന്ന മേൽക്കൈ മുൻനിർത്തിയാണിത്. മുമ്പൊരിക്കലും അനുഭവപ്പെടാത്ത തരത്തിലുള്ള വേഗതയിലും വ്യാപ്തിയിലുമാണ് ഇന്ന് വിജ്ഞാനമേഖലകൾ വളരുന്നത്. നിർമ്മിതബുദ്ധി, റോബോട്ടിക്സ്, ജീനോമിക്സ്, നാനോ ടെക്നോളജി തുടങ്ങിയ നവീനരംഗങ്ങളിലെ മുന്നേറ്റങ്ങൾ മനുഷ്യരാശിയുടെ ഗതിവിഗതികളെ ഒട്ടാകെ മാറ്റിമറിക്കാൻ കെൽപ്പുള്ളവയാണ്. സമകാലികസമൂഹത്തെ വൈജ്ഞാനികസമൂഹമെന്ന് വിശേഷിപ്പിച്ചുതുടങ്ങുന്നത് 1970 കളോടെയാണ്. എൺപതുകളോടെ ഇത് കൂടുതൽ വ്യാപകമായ തോതിൽ ഉപയോഗിച്ചുതുടങ്ങി.

ശാസ്ത്ര-സാങ്കേതികരംഗത്തെ പുരോഗതികളാൽ പ്രചോദിതമാകുന്നതും സംസ്കാരം, ഭാഷ തുടങ്ങിയ നിരവധി ഘടകങ്ങളെ ഉൾക്കൊള്ളുന്നതുമാണ് വൈജ്ഞാനികസമൂഹം. വൈവിധ്യംകൊണ്ടും ശേഷികൊണ്ടും പരിപോഷിപ്പിക്കപ്പെടുന്ന ഒന്നാണ് അത്.

നിരന്തരമായി അറിവ് സൃഷ്ടിക്കപ്പെടുക മാത്രമല്ല വൈജ്ഞാനികസമൂഹത്തിൽ സംഭവിക്കുന്നത്. സൃഷ്ടിക്കപ്പെടുന്ന അല്ലെങ്കിൽ പോഷിപ്പിക്കപ്പെടുന്ന അറിവിന്റെ പ്രസാരണവും അവിടെ പ്രധാനമാണ്. ഇങ്ങനെ വിജ്ഞാനം പ്രസരിപ്പിക്കപ്പെടുന്നതിലൂടെ ജനജീവിതത്തെ മെച്ചപ്പെടുത്താനും കഴിയേണ്ടതുണ്ട്. പുതുതായി ഉൽപാദിപ്പിക്കപ്പെടുന്ന അറിവുകളും നാട്ടിൽ നിലനിൽക്കുന്ന തനത് അറിവുകളും സമന്വയിപ്പിക്കാനും അവയെ നിരന്തരമായി പ്രയോജനപ്പെടുത്തി നാടിന്റെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ പുരോഗതി ഉറപ്പുവരുത്താനും കഴിയുന്ന ഒന്നിനെയാണ് വൈജ്ഞാനികസമൂഹം എന്ന് നമുക്ക് വിളിക്കാൻ കഴിയുക.

അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിനുള്ള അവകാശം, സമൂഹത്തിന്റെ സാംസ്കാരികജീവിതത്തിൽ സ്വതന്ത്രമായി പങ്കുചേരാനുള്ള അവകാശം തുടങ്ങിയ ഘടകങ്ങളുടെ സാന്നിധ്യംകൊണ്ട് ആധുനിക വിവരസമൂഹം മുൻകാലങ്ങളിലെ വൈജ്ഞാനികസമൂഹസങ്കല്പങ്ങളിൽനിന്നും വേറിട്ടുനിൽക്കുന്ന ഒന്നായി മാറുന്നുവെന്ന് യുനെസ്കോ ചൂണ്ടിക്കാണിക്കുന്നു. വിവരങ്ങളെ ഉപയോഗിച്ചുകൊണ്ട് മാനവപുരോഗതിക്കുവേണ്ടി വിജ്ഞാനം നിർമ്മിക്കാനും പ്രയോഗിക്കാനുമായി തിരിച്ചറിയൽ, ഉൽപാദിപ്പിക്കൽ, ക്രമീകരിക്കൽ, പരിവർത്തിപ്പിക്കൽ, പ്രസരിപ്പിക്കൽ എന്നീ ശേഷികളുള്ള സമൂഹങ്ങളാണ് വൈജ്ഞാനികസമൂഹങ്ങൾ. ബഹുത്വം, കൂട്ടിച്ചേർക്കൽ, ഐക്യപ്പെടൽ, പങ്കാളിത്തം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ശക്തമായ സാമൂഹികവീക്ഷണം ഇവയ്ക്ക് ആവശ്യമാണെന്നും 'വൈജ്ഞാനികസമൂഹങ്ങളിലേക്ക്' (Towards Knowledge Societies) എന്ന യുനെസ്കോരേഖ അടിവരയിടുന്നു. ഭാഷകളുടെ പ്രശ്നത്തെക്കൂടി അഭിസംബോധന ചെയ്തേ വൈജ്ഞാനികസമൂഹനിർമ്മിതി സാധ്യമാകൂ എന്നും യുനെസ്കോരേഖ അഭിപ്രായപ്പെടുന്നു. ലോകത്ത് നിലനിൽക്കുന്ന ബഹുഭാഷിത്വവും (Multilingualism) ബഹുസംസ്കാരങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. തനത് അറിവുകളുടെ സംരക്ഷണത്തിലും പ്രാദേശികഭാഷകളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്.

കേരളം വൈജ്ഞാനികസമൂഹമായി മാറണമെങ്കിൽ വലിയ തോതിൽ വിജ്ഞാനം ഇവിടെ ഉൽപാദിപ്പിക്കാൻ കഴിയണം. വിഷയത്തിൽ അവഗാഹമുണ്ടാകുമ്പോഴേ വിജ്ഞാനോൽപാദനം നടക്കൂ. ഉന്നതബിരുദങ്ങൾ നേടി എന്നതുകൊണ്ട് ഒരാൾക്ക് ആ വിഷയത്തിൽ അവഗാഹമുണ്ടായി എന്നർഥമില്ല. അവഗാഹം രൂപപ്പെടാൻ നല്ലത് സ്വന്തം ഭാഷയിൽ കാര്യങ്ങൾ മനസ്സിലാക്കലാണ്. അറിവുനിർമ്മാണമെന്നത് സാമൂഹികമായ ഒരു പ്രക്രിയയാണ്. ക്ലാസ്മുറികളിൽനിന്ന് പഠിക്കുന്നതുപോലും അറിവായി മാറുന്നത് സാമൂഹികമായ ഇടപെടലുകളിലൂടെയാണ്. സമൂഹത്തിന്റെ ഭാഷയിലൂടെയാണ് അത് നടക്കുക. മാതൃഭാഷാധിഷ്ഠിത പഠനത്തിന്റെ പ്രാധാന്യം ഇവിടെയാണ് പ്രസക്തമാവുന്നത്. ഒപ്പം, ആധുനിക വിജ്ഞാനമേഖലകളെ കൈകാര്യം ചെയ്യാൻ കഴിയുംവിധം മലയാളഭാഷയെ പരിവർത്തിപ്പിക്കുകയും വേണം.

**സി. എം. മുരളീധരൻ**

വിജ്ഞാനഭാഷയെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ **കണ്ടെത്തി എഴുതുക.**

ഇന്നത്തെ സമൂഹത്തെ വൈജ്ഞാനികസമൂഹമെന്ന് വിളിക്കുന്നതിന്റെ യുക്തിയെന്താണ്? ലേഖനത്തിലെ ആശയങ്ങൾ മുൻനിർത്തി **ചർച്ചചെയ്യുക.**

"സാമ്പത്തികശേഷിയുള്ള രാജ്യങ്ങൾതന്നെയാണ് വിജ്ഞാനസമ്പത്തും കൈയടക്കി വച്ചിരിക്കുന്നത്. ഈ വിജ്ഞാനശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് അവർ കൂടുതൽ സാമ്പത്തികശേഷി കൈവരിക്കുകയും ചെയ്യുന്നു."
ഈ നിരീക്ഷണം സമകാലിക ലോകസാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി **വിലയിരുത്തുക.**

കേരളം ഒരു വൈജ്ഞാനികസമൂഹമായി മാറുകയാണ്. അതിന്റെ പരിപൂർണ്ണതയിലേക്ക് എത്താൻ ഇനിയും എന്തെല്ലാം വിഭവങ്ങളാണ് നാം ഒരുക്കേണ്ടത്. വിവരശേഖരണം നടത്തി 'വൈജ്ഞാനിക മുന്നേറ്റത്തിനുള്ള വിവിധ സാധ്യതകൾ' എന്ന വിഷയത്തിൽ **പാനൽ ചർച്ച സംഘടിപ്പിക്കുക.**

- "പാണ്ഡിത്യഭിക്ഷയ്ക്കായ് വന്നവർ വന്നവർ
  ഭാണ്ഡം നിറച്ചേ തിരിച്ചുകൂടൂ;"

  (വള്ളത്തോൾ)

- "പുതിയ വിജ്ഞാനങ്ങൾ മലയാളത്തിൽ ഉൽപാദിപ്പിക്കപ്പെടുമ്പോൾ മറ്റു ഭാഷകൾ നമ്മെ തേടിവരും. മലയാളത്തിൽ ഉൽപാദിപ്പിച്ച വിജ്ഞാനങ്ങളെ മുൻനിർത്തി മറ്റു ഭാഷകൾ വിവർത്തനത്തിന് തുനിയുമ്പോഴാണ് നമ്മുടെ ഭാഷ ഉന്നതമായ നിലവാരത്തിലേക്കെത്തുന്നത്."

  (സി. എം. മുരളീധരൻ)

കവിയുടെ പ്രതീക്ഷയും ലേഖകന്റെ അഭിപ്രായങ്ങളും വിശകലനം ചെയ്ത് നിങ്ങളുടെ **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

- വിജ്ഞാനഭാഷയായി മാറുന്നത്
  വൈജ്ഞാനികസമൂഹത്തിൽ സംഭവിക്കുന്നത്.
- ആധുനിക വിവരസമൂഹം
  ശക്തമായ സാമൂഹികവീക്ഷണം

അടിവരയിട്ട പദജോഡികൾ ശ്രദ്ധിച്ചല്ലോ. ഒരു പദത്തിൽനിന്നാണ് മറ്റൊരു പദം ഉണ്ടായിരിക്കുന്നത്. ഇതുപോലെ ഒരു പദത്തിൽനിന്ന് മറ്റൊരു പദം ഉണ്ടാകുന്ന **പദജോഡികൾ കണ്ടെത്തി പട്ടികപ്പെടുത്തുക.**



# പദപരിചയം

## 1 അരങ്ങും പൊരുളും

### ചിത്രകാരി

| | | |
|---|---|---|
| അലോസരം | - | ശല്യം |
| മൂർധാവ് | - | ഉച്ചി, ശിരസ്സ് |
| വിസ്മയം | - | അദ്ഭുതം |

### ഖൽബിലെ നിലാവ്

| | | |
|---|---|---|
| അമ്പിളിമാൻ | - | അമ്പിളിമാമൻ |
| ഖൽബ് | - | ഹൃദയം, മനസ്സ് |
| പൂങ്കാവനം | - | പൂന്തോട്ടം, ഉദ്യാനം |
| പൂറാണി | - | മനോഹരിയായ റാണി |
| വമ്പൻ | - | വലിയവൻ, പ്രതാപി |
| റങ്ക് | - | ഭംഗി, അഴക് |

### ഒരു പക്ഷിക്കുഞ്ഞിന്റെ മരണം

| | | |
|---|---|---|
| കിരണം | - | രശ്മി |
| ഞാണൊലി | - | ഞാൺ വലിച്ചുവിടുമ്പോഴുള്ള ശബ്ദം |
| പച്ചവിതാനി | - | പച്ചനിറത്തിലുള്ള വിരിപ്പ് |
| ഭോജനം | - | ഭക്ഷണം |
| മൃഷ്ടാന്നം | - | വയറുനിറയെയുള്ള ഭക്ഷണം |
| വരിനെല്ല് | - | വിതയ്ക്കാതെ തനിയെ കിളിർത്തുണ്ടാകുന്ന ഒരു ധാന്യം |
| ശയ്യ | - | കിടക്ക, കിടപ്പ് |
| സൂനം | - | പൂവ് |

## 2 ഏകോദരസോദരർ നാം

### വിഷുക്കണി

| | | |
|---|---|---|
| അന്നപൂർണ്ണയാം ദേവി | - | സുഭിക്ഷതയുടെ ദേവി / മഹാലക്ഷ്മി |
| ആഴി | - | സമുദ്രം |
| കമനീയം | - | മനോഹരമായ |
| ക്ലാവ് | - | ചെമ്പ്, പിച്ചള, ഓട് തുടങ്ങിയ ലോഹങ്ങളിൽ ഓക്സീകരണം മൂലമുണ്ടാകുന്ന പച്ചനിറത്തിലുള്ള കറ |
| ഗേഹം | - | ഭവനം, വീട് |
| തായ | - | അമ്മ |
| പിറന്നൃദ്ധി | - | പിറന്ന് + ഋദ്ധി (ഋദ്ധി - ഐശ്വര്യം) |
| മന്ദം | - | മെല്ലെ |
| വർഷിക്കുക | - | പൊഴിയുക, പെയ്യുക |
| വാൽക്കണ്ണാടി | - | നീണ്ട കൈപ്പിടിയോടുകൂടിയ ഒരുതരം മുഖക്കണ്ണാടി |
| വെട്ടം | - | വെളിച്ചം |
| സരോരുഹം | - | താമര |
| സ്നാനം | - | കുളി |

### ആനന്ദാശ്രുക്കൾ

| | | |
|---|---|---|
| അഗതി | - | ഉപജീവനത്തിന് വഴിയില്ലാത്ത വ്യക്തി |
| അശരണർ | - | അഭയമില്ലാത്തവർ |
| അശ്രു | - | കണ്ണീർ |
| ഇഷ്ടാനിഷ്ടം | - | ഇഷ്ടവും ഇഷ്ടമില്ലായ്മയും |
| ചാപ്പൽ | - | ക്രിസ്തീയ പുരോഹിതർ/കന്യാസ്ത്രീകൾ എന്നിവർ താമസിക്കുന്നിടം, അഗതിമന്ദിരം തുടങ്ങിയവയോട് ചേർന്നുള്ള ആരാധനാസ്ഥലം |
| വദനം | - | മുഖം |
| സാന്ത്വനം | - | ആശ്വസിപ്പിക്കൽ |
| സിദ്ധിക്കുക | - | ലഭിക്കുക, സാധിക്കുക |
| ളോഹ | - | ക്രിസ്തീയ പുരോഹിതർ ധരിക്കാറുള്ള ഔദ്യോഗിക വസ്ത്രം |

### കെത്തളു

| | | |
|---|---|---|
| ഏട്ടക്കൂരി | - | ഒരിനം മത്സ്യം |
| കക്കുന്നു | - | കവിട്ടുന്നു, ഛർദ്ദിക്കുന്നു |

| | | |
|---|---|---|
| കല്ലുന്തി മീൻ | - | ഒരിനം മത്സ്യം |
| ചോലക്കാട് | - | മരങ്ങൾ തിങ്ങിവളരുന്നതുമൂലം തണലുള്ള വനപ്രദേശം |
| നീർക്കാക്ക | - | വെള്ളത്തിൽ സഞ്ചരിക്കുന്ന ഒരിനം പക്ഷി |
| മുങ്ങാങ്കുഴി | - | വെള്ളത്തിനടിയിലൂടെയുള്ള നീന്തൽ, ഊളിയിടൽ |
| വഴുക്കൽ | - | തെന്നിമാറൽ, തെറ്റൽ |
| വാള | - | ഒരിനം മത്സ്യം |
| വീട്ടുതിണ്ണ | - | വരാന്ത, കോലായ |

## 3 അറിവിന്നറിവായ് നിറവായ്

| | | |
|---|---|---|
| സഞ്ചിതം | - | സംഭരിച്ചത് |
| സാരസർവസ്വം | - | പൂർണ്ണമായ സാരം |

### ചരിത്രം രചിച്ച നാടകം

| | | |
|---|---|---|
| അഗ്രിമസ്ഥാനം | - | ശ്രേഷ്ഠമായ സ്ഥാനം, ഒന്നാമത്തെ സ്ഥാനം |
| അദ്വിതീയം | - | ഒന്നാമത്തേത്, രണ്ടാമത്തേത് അല്ലാത്തത് |
| അമൂല്യസ്വത്ത് | - | വിലമതിക്കാനാവാത്ത സ്വത്ത് |
| അവഗാഹം | - | ആഴത്തിലുള്ള അറിവ് |
| ഉദ്ഘോഷം | - | ഉച്ചത്തിലുള്ള പറച്ചിൽ |
| ഓതിക്കൻ | - | വേദം പഠിപ്പിക്കുന്ന ആൾ |
| കലാനൈപുണി | - | കലാപ്രവർത്തനത്തിലുള്ള സാമാർഥ്യം |
| കാലയാപനം | - | ഉപജീവനം |
| കൃശഗാത്രൻ | - | മെലിഞ്ഞ ആൾ |
| ദിനംപ്രതി | - | ദിവസംതോറും |
| ദീർഘനിദ്ര | - | നീണ്ടുനിൽക്കുന്ന ഉറക്കം |
| നിർബദ്ധർ | - | നിർബന്ധിക്കപ്പെട്ടവർ |
| പരിണയം | - | വിവാഹം |
| പരിവർത്തനദശ | - | മാറ്റത്തിന്റെ ഘട്ടം |
| പ്രാഭവം | - | ശക്തി, കഴിവ് |
| പ്രേരകശക്തി | - | പ്രേരിപ്പിക്കുന്ന ശക്തി, ചാലകശക്തി |
| ബഹിഃപ്രസരം | - | പുറത്തേക്കുള്ള ഒഴുക്ക് |
| ബഹിഷ്കൃതർ | - | പുറത്താക്കപ്പെട്ടവർ |

| | | |
|---|---|---|
| മറക്കുട | - | മറയ്ക്കാനായി ഉപയോഗിക്കുന്ന ഓലക്കുട |
| വിരളം | - | അപൂർവം |
| വിസ്മരിക്കുക | - | മറക്കുക |
| വ്യാധി | - | രോഗം, ദുഃഖം |
| സപത്നി | - | ഭർത്താവിന്റെ മറ്റൊരു ഭാര്യ |
| സാപത്ന്യം | - | സപത്നീഭാവം |
| ഹഠാദാകർഷിക്കുക | - | ശക്തമായി ആകർഷിക്കുക |

## എന്റെ ഭാഷ

| | | |
|---|---|---|
| കൈരളി | - | കേരളഭാഷ, മലയാളം |
| ദുഗ്ധം | - | പാൽ |
| ധാത്രി | - | വളർത്തമ്മ |
| നിവാപാംബു | - | ഉദകക്രിയയ്ക്കുള്ള ജലം |
| പാടവഹീന | - | സാമർഥ്യമില്ലാത്തവൾ |
| ഫാലം | - | നെറ്റി |
| ബഹിർഭാഗം | - | പുറംഭാഗം |
| യത്നം | - | അധ്വാനം |
| വക്ത്രം | - | മുഖം, വായ |
| ശീകരം | - | ജലകണം |
| സ്വകീയർ | - | സ്വന്തമായവർ, തനിക്കുള്ളവർ |

## വിജ്ഞാനഭാഷയും വൈജ്ഞാനികസമൂഹവും

| | | |
|---|---|---|
| അടിയന്തര കർത്തവ്യം | - | വേഗത്തിൽ നിർവഹിക്കേണ്ട കൃത്യം |
| അനിവാര്യം | - | ഒഴിവാക്കാൻ പറ്റാത്ത |
| പരിവർത്തനം | - | മാറ്റം |
| മതനിരപേക്ഷത | - | മതപരിഗണന ഇല്ലാതെ എല്ലാ പൗരർക്കും തുല്യാവകാശമുള്ള നയം |
| മൂലഗ്രന്ഥം | - | അടിസ്ഥാന ഗ്രന്ഥം |
| യുക്തിരാഹിത്യം | - | യുക്തിയില്ലായ്മ |
| ശുഭാപ്തിവിശ്വാസം | - | എന്തും ശുഭമായി കലാശിക്കുമെന്നുള്ള വിശ്വാസം |
| സാർവജനീനം | - | എല്ലാവരെയും സംബന്ധിച്ച |
| സംപ്രേഷണം | - | അയയ്ക്കൽ, പ്രസരിപ്പിക്കൽ |

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***